# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/ML/503/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊട്ടാരക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ
റീജിയണൽ ജോയിന്റ് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഓഫീസ് പകർപ്പ്

നമ്പർ: KSA/KLM/ML/503/23 തീയ്യതി: 25/04/2023

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 17-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 03-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 03-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജി.രഞ്ജിത്ത് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.പത്മകുമാരി .എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാജു | ചെയർമാൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. പ്രദീപ് കുമാർ.റ്റി,വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാം ജോഷ്വാ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ദീപ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.വൈ.എം.ഷീജ | മെഡിക്കൽ ഓഫീസർ(ആയൂർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രഭ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ്.എം.പി | ഹെൽത്ത് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രദീപ് കുമാർ | പ്രിൻസിപ്പൽ, ഗവ. എച്ച്.എസ്.എസ്., കൊട്ടാരക്കര | 01-04-2021 | 31-03-2022 |
| ഡോ.സുനിതാ ശിവദാസൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നെടുമൺകാവ് | 01-04-2021 | 31-03-2022 |
| ശ്രീ. പുഷ്പരാജൻ ജി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സുനിൽ കുമാർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീമതി.തസ്ലീം ബീഗം | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗിരിജ.വി.പി | വ്യാവസായ വികസന ഓഫീസർ | 01-04-2021 | 07-11-2021 |
| ശ്രീ.അൻസൽ.പി.എ | വ്യാവസായ വികസന ഓഫീസർ | 08-11-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സിനിമ തിയറ്ററുകൾ പ്രവർത്തിക്കുന്നത് നഗരസഭ അനുമതിയില്ലാതെ | 1-11 |
| 13 | കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ അവശേഷിക്കുന്നു.നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം. | 1-12 |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. | 1-13 |
| 15 | സ്വകാര്യ ആശുപത്രികൾ -പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. | 1-14 |
| 16 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി. | 1-15 |
| 17 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-16 |
| 18 | ട്രേഡേഴ്സ് ലിസ്റ്റിന് അനുസൃതമായി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. | 1-17 |
| 19 | കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ പിഴ ഇനത്തിൽ ചെലവഴിച്ച തുക നിരാകരിക്കുന്നു. | 1-18 |
| 20 | മരുന്ന് ലഭ്യമാക്കാൻ ശേഷിക്കുന്ന ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | കാലാവധി വൈകൽ പിഴ പലിശ ഈടാക്കിയില്ല | 1-20 |
| 22 | കിളിച്ചെടുത്ത മണ്ണിന്റെ അളവു കുറവു ചെയ്തിട്ടില്ല. അധിക ചെലവ് അംഗീകരിക്കുന്നില്ല | 1-21 |
| 23 | റീടെൻഷൻ ഈടാക്കാതെ പ്രവൃത്തി ബിൽ തുക ന**ൽ**കി | 1-22 |
| 24 | അശാസ്ത്രീയമായ പൂട്ടുകട്ട പാകൽ | 1-23 |

| | | |
|---|---|---|
| 25 | കുഴൽ കിണർ നിർമ്മാണം -ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-24 |
| 26 | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം | 1-25 |
| 27 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾ -തുക നിക്ഷേപിച്ചതിലെ അപാകതകൾ. | 1-26 |
| 28 | പി.എം.എ.വൈ ലൈഫ് പദ്ധതി - തുക അധികം നല്കി | 1-27 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-28 |
| 30 | നഗരസഭ എൻജിനീയർക്ക് വാഹനം വാങ്ങൽ | 1-29 |
| 31 | സാക്ഷരതാ തുല്യതാപരീക്ഷ - രേഖകൾ ഹാജരാക്കിയില്ല. | 1-30 |
| 32 | ഹരിതകർമ്മ സേനക്ക് ഗ്യാപ്പ് ഫണ്ട് -ഹരിതകർമ്മ സേനകളുടെ കളക്ഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-31 |
| 33 | ഹരിത കർമ്മസേനക്ക് യൂണിഫോം- പ്രോജക്ടിൽ നിർണ്ണയിച്ച എണ്ണത്തിലും അധികമായി വാങ്ങി വിതരണം ചെയ്തു. | 1-32 |
| 34 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം-പദ്ധതി നടത്തിപ്പ് രേഖകൾ ഹാജരാക്കിയില്ല. | 1-33 |
| 35 | ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. | 1-34 |
| 36 | " പി ഒ എസ് / സൈ്വപ്പിംഗ് മെഷീൻ " മുഖേന ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച തുകകൾ പൂർണ്ണമായും അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല | 1-35 |
| 37 | വസ്തുനികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-36 |
| 38 | വസ്തുനികുതി ഇനത്തിലെ കുടിശിക പിരിച്ചെടുത്തിട്ടില്ല | 1-37 |
| 39 | മാർക്കറ്റ് സ്റ്റാളിന്റെ വാർഷിക വാടക ഈടാക്കേണ്ടതാണ് | 1-38 |
| 40 | മരത്തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല | 1-39 |
| 41 | പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-40 |
| 42 | സ്റ്റേഡിയം വാടകയ്ക്ക് നല്കൽ - രേഖകൾ സൂക്ഷിക്കുന്നില്ല | 1-41 |
| 43 | സ്വകാര്യ വ്യക്തിയുടെ പറമ്പിൽ അയൽപക്കത്തേക്ക് ചാഞ്ഞ് അപകടകരമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റിയതിന് ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല | 1-42 |
| 44 | മുനിസിപ്പൽ ഫണ്ടിൽ നിന്നും അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-43 |
| 45 | കോടതി കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കിളച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തില്ല-അധിക ചെലവ് അംഗീകരിക്കുന്നില്ല | 3-1 |

| | | |
|---|---|---|
| 2 | കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ പിഴ ഇനത്തിൽ ചെലവഴിച്ച തുക നിരാകരിക്കുന്നു. | 3-2 |
| 3 | പി.എം.എ.വൈ ലൈഫ് പദ്ധതി തുക അധികം നല്കി | 3-3 |
| 4 | ഹരിത കർമ്മസേനക്ക് യൂണിഫോം- പ്രോജക്റ്റിൽ നിർണ്ണയിച്ച എണ്ണത്തിലും അധികമായി വാങ്ങി വിതരണം ചെയ്തു. | 3-4 |
| 5 | നഗരസഭ എൻജിനീയർക്ക് വാങ്ങിയ വാഹനം - അനധികൃത സംസ്ഥാനാനന്തര യാത്ര നടത്തി അപകടത്തിൽപ്പെട്ടു | 3-5 |
| 6 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി. | 3-6 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24.02.21 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.03.22 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 01.10.2022 |

## 1-2-1 വാർഷിക ധനകാര്യപത്രിക അപാകതകൾ

1. PMAY ഭവനപദ്ധതി സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ, എന്നിവയുടെ വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടി തുകകളുടെയും PMAY ഭവനപദ്ധതിലോൺ തുകയുടെയും ചെലവ് വിവരം സുലേഖസ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടില്ല. വികസന ഫണ്ടിൽ നിന്നുള്ള ചെലവ് വിവരങ്ങൾ മാത്രമാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

2. PMAY ഭവനപദ്ധതി സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ, ലോൺ എന്നിവ ഒറ്റ ബാങ്ക് അക്കൗണ്ട് മുഖേന കൈകാര്യം ചെയ്യുന്നതിനാൽ ഓരോ വിഹിതമിനത്തിലും ചെലവഴിക്കേണ്ട തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബി-2 ഷെഡ്യൂൾ പ്രകാരം Poverty Alleviation Fund – ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

4. ബി.4 ഷെഡ്യൂൾ പ്രകാരം “Grants Contribution For Specific Purposes – Central Government” എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 12473104/- രൂപ യുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല.

5. ലയബിലിറ്റി ഹെഡിലുള്ള നിക്ഷേപ തുകകളിൽ കാലഹരണപ്പെട്ടവ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിലും കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ - ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയുംസഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

7. വിവിധവരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ - ബാലൻസ് തുകകൾതയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ അക്കൗണ്ട്സിലുൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തി മൂല്യമായി ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ലോൺ മുന്നിരിപ്പ് വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. സി.എഫ്.സി.ഗ്രാന്റ് പി.എഫ്.എം.എസ് അക്കൗണ്ട് - പലിശയിനത്തിലുള്ള വരവ് ലയബിലിറ്റി ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

11. വികസന ഫണ്ട് ജനറൽ -അനുവദിച്ച അലോട്ട്മെന്റുകളെല്ലാം വരവായി ഉൾപ്പെടുത്തിയിട്ടില്ല.

12. സംസ്ഥാനാവിഷ്കൃത ഫണ്ടായി ലഭിച്ച 5500000 രൂപയുടെ ഇനം തിരിച്ചിട്ടുള്ള വിവരം ലഭ്യമായിട്ടില്ല.(മൂന്നും നാലും ഗഡുക്കൾ യഥാക്രമം തുകകൾ 2387600, 1392226)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,38,93,714/- രൂപ |
| വരവ് | 17,58,37,602/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 21,97,31,316/-രൂപ |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,83,63,297/-രൂപ |
| നീക്കിയിരിപ്പ് | | 6,13,68,019/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,71,357/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 71,08,593/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 24079226 | 24079226 | 22670428 | 1408798 |
| വികസനഫണ്ട് (എസ്.സി.പി) | | 17619322 | 17619322 | 12479746 | 5139576 |
| വികസനഫണ്ട് (റ്റി. എസ്.പി) | | 25400 | 25400 | 0 | 25400 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied Treasury) | | 1184402 | 1184402 | 0 | 1184402 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied Bank) | | 8886000 | 8886000 | 4902016 | 3983984 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied Try) | | 771767 | 771767 | 376767 | 395000/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied Bank) | | 13329000 | 13329000 | 2544108 | 10784892 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 13866276 | 13866276 | 10516569 | 3349707 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 6445506 | 6445506 | 6339804 | 105702 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | 13302366 | 3929148 | 17231514 | 4758410 | 12473104 |
| സംസ്ഥാനാവിഷ്കൃതം | 0 | 5500000 | 5500000 | 5500000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 14,92,92,004/- | 112 | 7,18,54,445/- | 81 | 19 | 52.83 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 1404474 | 15082902 | 16487376 | 16676399 | -189023 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | (രൂപ) | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 102960/- | 61 |
| കർഷക തൊഴിലാളി പെൻഷൻ | 1893000/- | 115 |
| വിധവാ പെൻഷൻ | 20237800/- | 1285 |
| വാർദ്ധക്യകാല പെൻഷൻ | 33500100/- | 2329 |
| വികലാംഗ പെൻഷൻ | 5345300/- | 367 |
| വിവാഹ ധനസഹായം | 450000/- | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 606000/- | 58 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,58,988/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിലൂടെ തയാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ആസ്തികൾ സംബന്ധമായ കൃത്യത നിലവിൽ ഇല്ലാത്ത സ്ഥിതിയുണ്ട്.
സർക്കുലർ നമ്പർ 86/ 2010 ഫിൻ. തീ. 24-9-2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ, വിതരണ വിവരങ്ങൾ, വാങ്ങൽ വിശദാംശങ്ങൾ, എ.എം.സി വിശദാംശങ്ങൾ ഉടങ്ങിയുള്ള എല്ലാ വിവരങ്ങളും സ്റ്റോക്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. നിഷ്ക്രിയമായ അവസ്ഥയിൽ ഉള്ള എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.
കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മിക്ക ഫയലുകളും മാന്വൽ സംവിധാനങ്ങളിലൂടെ മാത്രം ക്രമീകരിക്കുന്ന സാഹചര്യത്തിൽ ഓരോ വർഷത്തെയും വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ സംഗ്രഹം ആധികാരികമാക്കി സൂക്ഷിക്കും വിധം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുണ്ട്.

പ്രോജക്ട് ഓഫീസർ, ഹെൽത്ത് ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പദ്ധതികൾക്കായി വിവിധ ഘട്ടങ്ങളിൽ നൽകുന്ന തുകയുടെ വിനിയോഗം പരിശോധിച്ച് ഉറപ്പാക്കാൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് അധിക തുക നൽകുന്ന സ്ഥിതിയുണ്ടായി(ഖ.1-28) ഭവന പദ്ധതികൾക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾക്ക് ഏക അക്കൌണ്ടു ആയതിനാൽ ഓരോ ഇനം ഫണ്ടുകൾ അവയുടെ കൃത്യമായ അനുപാതത്തിലാണ് വിതരണം ചെയ്യുന്നത് എന്ന് പരിശോധിക്കുവാൻ വിവിധ അക്കൌണ്ടുകളുടെ പ്രത്യേക രജിസ്റ്ററുകളും,സ്റ്റേറ്റ്മെന്റുകളും സൂക്ഷിക്കേണ്ടതാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും നഗരസഭയുടെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നടപ്പിലാക്കുന്നതിനുമായി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
നഗരസഭയുടെ ധനസ്ഥിതി ഭദ്രമല്ലാത്ത സ്ഥിതിയിലും തനതു ഫണ്ടുകൾ പിരിച്ചെടുക്കുന്ന കാര്യത്തിൽ ഗുരുതരതരമായ വിഴ്ചയാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.സിനിമാ തിയേറ്ററുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.ലൈസൻസ് ഫീസ്,സ്ഥാപന രജിസ്ട്രേഷൻഫീസ് എന്നിവ

പിരിച്ചെടുക്കുന്നതിൽ അലംഭാവം തുടരുന്നു.ട്യൂഷൻ സെന്ററുകൾ,സ്വകാര്യ ആശുപത്രികൾ,പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിലും കാര്യമായ പുരോഗതി കൈവരിച്ചില്ല.മുൻകൂർ നല്കുന്ന തുകകൾ സമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നില്ല.

നഗരസഭയുടെ എൻജിനീയറിംഗ് വിഭാഗത്തിനു വാങ്ങിയ വാഹനം ,ചെയർമാൻ ഉപയോഗിക്കുകയും,സംസ്ഥാനാതിർത്തി വിട്ടു അനുവാദമില്ലാതെ യാത്രചെയ്യുകയും, അവിടെ വച്ചു അപകടത്തിൽപ്പെടുകയും വാഹനത്തിനുസാരമായ കേടുപാടുകൾ സംഭവിക്കികയും ചെയ്തിരുന്നു. പൂർണ്ണമായും ഇൻഷ്വറൻസ് സംരക്ഷണമുള്ള വാഹനത്തിന്റെ ഇൻഷ്വറൻസ് തുക ,ഇൻഷ്വറൻസ്
കമ്പിനി നിക്ഷേധിച്ച സാഹചര്യത്തിൽ കൂടി തുക ലഭ്യമാക്കാൻ യാതൊരു നിയമ നടപടിയും നഗരസഭ സ്വീകരിച്ചില്ല.വാഹനാപകടം സംബന്ധിച്ച യാതൊരു കേസും നിലവിലില്ലാത്തത് അപകടം സംബന്ധിച്ച ദുരൂഹത വർദ്ധിപ്പിക്കുന്നു (1-29). വാഹനത്തിന്റെ കൈവശാധികാരിയായ സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയാണു ഉണ്ടായിട്ടുള്ളത്. ഇതു ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം ആവശ്യപ്പെട്ടെങ്കിലും പൂർണ്ണമായ വിവരം നഗരസഭ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ചുള്ള വിവരശേഖരണത്തിന് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2012-13 | വിവരം ലഭ്യമാക്കിയില്ല | വിവരം ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 26.11.2019 വരെ | 2017-18 മുതൽ 2018-19 വരെ | 30.12.2019 |

## 1-11 സിനിമ തിയറ്ററുകൾ പ്രവർത്തിക്കുന്നത് നഗരസഭ അനുമതിയില്ലാതെ

കേരള സിനിമാസ്(റെഗുലേഷൻ) ആക്ട്-1958 ,ചട്ടങ്ങൾ -1988പ്രകാരം സിനിമ തിയറ്ററുകൾ പ്രവർത്തിക്കുന്നതിന് നഗരസഭയുടെ അനുമതി ആവശ്യമാണ്.ഒരു വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിന് 1000/-രൂപ നിരക്കിൽ ഒടുക്കേണ്ടതും, ലൈസൻസ് കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതുമാണ്.മിനർവ സിനിമാസ്,മിനർവ എമ്പയർ എന്നീ തിയേറ്ററുകളുടെ ഫയൽ പരിശോധനയിൽ ടി സ്ഥാപനങ്ങൾ മേൽ ആക്ട്,ചട്ടങ്ങൾക്ക് വിരുദ്ധമായി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നു .2019-20വർഷം മുതൽ നാളിതുവരെയുള്ള കാലയളിൽ ലൈസൻസ് പുതുക്കാതെയാണ് പ്രവർത്തിക്കുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ മേൽ പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ ഇടയായ സാഹചര്യം സെക്രട്ടറി രേഖാമൂലം വിശദീകരിക്കേണ്ടതും, ഈ വിഷയത്തിൽ ആവശ്യമായ പരിഹാര നടപടി സമയബന്ധിതമായി സ്വീകരിച്ച അറിയിക്കേണ്ടതുമാണ് ലൈസൻസ് ഫീസ് മുൻകാല പ്രാബല്യത്തിൽ പലിശ സഹിതം ഈടാക്കാവുന്നതാണ്.

എൻക്വയറി നം . 4/28.2.23.

## 1-12 കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ അവശേഷിക്കുന്നു.നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം.

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 447,448,449പ്രകാരം ലൈസൻസ് കൂടാതെ ഒരാവിശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാനോ,കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കാനോ പാടില്ല.

നഗരസഭയിലെ 29 ഡിവിഷനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ്ഈടാക്കിയിരിക്കുന്നത്. വാർഷിക ലൈസൻസ് ഫീസ് മുൻസിപ്പാലിറ്റി പട്ടിക-3അനുസരിച്ച് ഉദ്പാദന മേഖലയിൽ 25ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതും,സേവന മേഖലയിൽ 10ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതുമായ വ്യാപര സ്ഥാപനങ്ങളിൽ നിന്നും 500/-രൂപ(മിനിമം) നിരക്കിൽ ഈടാക്കണം. ഇപ്രകാരമുള്ള മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഡിമാന്റ്

ചെയ്ത് രേഖപ്പെടുത്തലുകൾ വരുത്തിയ രേഖകളുടെ പരിശോധനയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പല കച്ചവടസ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിട്ടില്ല എന്ന് കാണുന്നു. ഉദാഹരണമായി 9-ാം ഡിവിഷനിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയതിട്ടുണ്ടെങ്കിലും ഈടാക്കാത്ത കച്ചവടസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ലൈസൻസിയുടെ പേരുവിവരം | സ്ഥാപനത്തിന്റെ സ്വഭാവം |
|---|---|---|
| 1 | വി.അനന്ത കുമാർ, വാഴവേലിൽ ഹൗസ് | പെയിന്റിംഗ് |
| 2. | രാജീവ്.കെ, തെറ്റിക്കുഴി പുത്തൻവീട് | ഫുഡ് ഐറ്റംസ് |
| 3. | രാകേഷ് ആർ, മേനാമ്പള്ളി തെക്കതിൽ | ഇലക്ട്രോണിക്സ് സാധനങ്ങൾ |
| 4. | ജോസ് ഉമ്മൻ, ചെമ്പകശ്ശേരി ഹൌസ് | ട്രാവൽ ഏജൻസി |
| 5. | നിതിൻ മോഹൻ, സായ്സവേര | ഫ്ളവർ മാർട്ട് |
| 6. | മാജിത മാത്യു, മുത്തൻ കുഴിയിൽ വീട് | ട്രാവൽ ഏജൻസി |
| 7. | സുരേഷ്.ജി, കടുക്കരവീട് | ഇല്ട്രിക്കൽ സാധനങ്ങൾ |
| 8. | താഹ ലത്തീഫ്, ലത്തീഫ് മൻസിൽ | ഇലക്ട്രോണിക്സ് സാധനങ്ങൾ |
| 9. | ബി.വിജയകുമാർ, രോഹിണി ഭവൻ | ഫ്ളവർ മാർട്ട് |
| 10. | റജിമോൻ, ബിജ്ജുമൻസിൽ | ഫ്ളവർമിൽ |
| 11. | ഷാനവാസ്, ഷബീർ മൻസിൽ | മൊബൈൽ ഫോൺ വ്യാപാരം |
| 12. | അനിൽകുമാർ, സ്റ്റാർലൈറ്റ് | ഇലക്ട്രോണിക്സ് സാധനങ്ങൾ |

മേൽ പരാമർശിക്കപ്പെട്ടതുപോലെ 29-ഡിവിഷനുകളിലെയും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ അവശേഷിക്കുന്നു.നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടി വിവരവും, ഡിമാന്റ് ചെയ്യാപ്പെടാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ട്രേഡ്സ് ലിസ്റ്റ് സഹിതം രേഖാമൂലം അറിയിക്കേണ്ടതാണ്.ടി വിഷയത്തിലേക്ക് ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം.5/28.2.23.

## 1-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 506 മുതൽ 508വരെ, 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ അനുസരിച്ച് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ/പാരലൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകളുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനങ്ങളുടെ പേര് വിവരം |
|---|---|
| 1. | സക്സസ് മന്ത്ര കമ്പ്യൂട്ടർ അക്കാഡമി,ഗോവിന്ദ മംഗലം റോഡ്, പുലമൺ |
| 2. | പി.ജി. കോളേജ്, ലോട്ടസ് റോഡ്, പുലമൺ |
| 3. | കൊമേഴ്സ്, കെ.എസ്.ആർ.ടി.സി.സ്റ്റാന്റിന് സമീപം, കൊട്ടാരക്കര |
| 4. | യൂണിക്ക് അക്കാഡമി ഫോർ ഇംഗ്ലീഷ്, ജോസ് ടവർ,പുലമൺ |
| 5. | ശൗര്യ ഡിഫൻസ് അക്കാഡമി, പുലമൺ |
| 6. | സെന്റ് മേരീസ് മെഡിക്കൽ ടെക്നോളജി & മാനേജ്മെന്റ് മീഡിയ, കൊട്ടാരക്കര |
| 7. | കാഡ് ഡെന്റൽ മൈക്രോ, വലിയവിള ബിൽഡിംഗ്, വീനസ് ജം. |
| 8. | കൊമേഴ്സ്, ജോസ് ടവർ, പുലമൺ |

| | |
|---|---|
| 9. | ബ്രില്യന്റ് നാനോ ലേണിംഗ് സെന്റർ, പുലമൺ |
| 10. | ഇംപൾസ് എൻട്രൻസ് ഓറിയന്റ് സ്പെഷ്യൽ ട്യൂഷൻ സെന്റർ, പുലമൺ. |
| 11. | ദിശ അക്കാഡമി, പാലവിളയിൽ ടവേഴ്സ്, പുലമൺ |
| 12. | ദിശ അക്കാഡമി, പാലസ് ലാന്റ് ബിൽഡിംഗ്, പുലമൺ |
| 13. | ന്യൂ ആൽഫ, സെന്റ് ജോർജ്ജ് ബിൽഡിംഗ്, പുലമൺ |
| 14. | ഫോണിക്സ് ഡിജിറ്റൽ സർവ്വെ & ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സി.എം.പി. ടവർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭ പരിധിയിൽ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം .7/28.2.23.

## 1-14 സ്വകാര്യ ആശുപത്രികൾ -പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 മുതൽ 314വരെ, 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ )ചട്ടങ്ങൾ അനുസരിച്ച് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകളുടെ പരിശോധനയിൽ 2021-22 വർഷത്തിൽ നഗരസഭയിൽ രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പേര് വിവരം |
|---|---|
| 1. | മുളവീട്ടിൽ ആയുർവേദ ക്ലിനിക്ക്, കൊട്ടാരക്കര |
| 2. | ജൂബിലി മിഷൻ ലാബോറട്ടറി, കൊട്ടാരക്കര |
| 3. | ഓം ശ്രീ സായിറാം ആയുർവേദ ക്ലിനിക്ക്, കൊട്ടാരക്കര |
| 4. | ബ്രൈറ്റ് സ്മൈൽ ഡെന്റൽ ക്ലിനിക്ക്, കൊട്ടാരക്കര |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ സ്ഥാപനങ്ങൾ ഒഴികെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. മേൽ സ്ഥാപനങ്ങൾ ഉൾപ്പടെ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

എൻക്വയറി നം.8/28.2.23.

## 1-15 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി.

2021-22 വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം നടത്തിയ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി . വിശദാംശങ്ങൾ ചുവടെ.

| | |
|---|---|
| പദ്ധതി | എസ്.35/21-22, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ | 1,48,800/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് )<br>82,000/-രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>3,69,000/- രൂപ (മറ്റുള്ളവ )<br>ആകെ 5,99,800/-രൂപ |
| ചെലവ്- | 1,15,322/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ് -21.03.22) |

സ.ഉ (സാധാ) നം. 1009/2020, 29.5.2020 പ്രകാരം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷിയ്ക്ക് ആകെ യൂണിറ്റ് ചെലവ് 1,23,000/- രൂപ വരെ അനുവദനീയമാണ് (അടിസ്ഥാന സൗകര്യ വികസനം - 74,000/- രൂപ, പ്രവർത്തന ചെലവ്- 49,000/-രൂപ). പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് ആകെ യൂണിറ്റ് ചെലവിന്റെ 40% മാണ് സബ്സിഡി. ഇതിൽ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും സബ്സിഡിയിനത്തിൽ അധികമായി തുക നൽകിയിരിക്കുന്നു. ഗുണഭോക്താക്കൾ ഹാജരാക്കിയ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ് ആകെ യൂണിറ്റ് ചെലവ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ യൂണിറ്റ് ചെലവ് (₹) | നൽകാവുന്ന സബ്സിഡി (₹) | നൽകിയ സബ്സിഡി (₹) | അധികമായി നൽകിയത് (₹) |
|---|---|---|---|---|---|
| 1. | ശ്രീ.ജേക്കബ്.പി.വി | 89150/- | 23773/- | 32800/- | 9027/- |
| 2. | ശ്രീ.നെൽസൺ തോമസ് | 86757/- | 23135/- | 32122/- | 8987/- |
| 3. | ശ്രീ.അനീഷ്.ജെ.പി | 94364/- | 25164/- | 32800/- | 7636/- |
| 4. | ശ്രീ.റെജി ബേബി | 47564/- | 12684/- | 17600/- | 4916/- |
| | | | | ആകെ | 30566/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ സബ്സിഡി തുക 30566/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/ 27.02.2023

നിരാകരണം – 30,566/-രൂപ

## 1-16 ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(1)(1) പ്രകാരം ഒരു പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലോ, ബിസിനസ് നടത്തുകയോ, പൊതുവായോ, സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി നൽകേണ്ടതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകളുടെ പരിശോധനയിൽ 2021-22 വർഷത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനങ്ങളുടെ പേര് വിവരം |
|---|---|
| 1. | വി.വി.എം. കോളേജ് ഓഫ് ആർട്ട്സ്, സയൻസ് & മാനേജ്മെന്റ് സ്റ്റഡീസ്, കൊട്ടാരക്കര |
| 2. | ഐകാംസ് മഹാരാജ കോളേജ്, പുലമൺ |
| 3. | എൻ.എസ്.എസ്. ആർട്ട്സ് കോളേജ്, കൊട്ടാരക്കര |
| 4. | പെർഫെക്ട് കോച്ചിംഗ് സെന്റർ, കൊട്ടാരക്കര |
| 5. | വേണാട് ടെക്നിക്കൽ കോളേജ്, പുലമൺ |
| 6. | ട്രിനിറ്റി അഡ്മിഷൻ സെൽ, പുലമൺ |
| 7. | ശ്രീ ശങ്കര കോളേജ്, കൊട്ടാരക്കര |
| 8. | ബി-മാക്സ് അക്കാഡമി, കൊട്ടാരക്കര |
| 9. | ക്വയിലോൺ അക്കാഡമി, കൊട്ടാരക്കര |
| 10. | അലയൻഡ് കോളേജ് ഓഫ് അലയ്ഡ് ഹെൽത്ത് സയൻസ്, കൊട്ടാരക്കര |
| 11. | ഇൻഫോടെക് കമ്പ്യൂട്ടർകോളേജ്, പുലമൺ |
| 12. | ഗ്ലോബൽ കോളേജ്, പുലമൺ |

| | |
|---|---|
| 13. | വോളാർ വിംഗ്സ് അക്കാഡമി, കൊട്ടാരക്കര |
| 14. | ജയ്ഭാരത് ഫിസിക്കൽ & എക്സാം കോച്ചിംഗ് സെന്റർ, കൊട്ടാരക്കര |
| 15. | ബി.എസ്.എസ്.കമ്പ്യൂട്ടർ കോളേജ്, കൊട്ടാരക്കര |
| 16. | സക്സസ് മന്ത്ര കമ്പ്യൂട്ടർ അക്കാഡമി, ഗോവിന്ദ മംഗലം റോഡ്, പുലമൺ |
| 17. | പി.ജി.കോളേജ്, ലോട്ടസ് റോഡ്, പുലമൺ |
| 18. | കൊമേഴ്സ്, കെ.എസ്.ആർ.ടി.സി.സ്റ്റാന്റിന് സമീപം, കൊട്ടാരക്കര |
| 19. | യൂണിക്ക് അക്കാഡമി ഫോർ ഇംഗ്ലീഷ്, ജോസ് ടവർ, പുലമൺ |
| 20. | ശൗര്യ ഡിഫൻസ് അക്കാഡമി, പുലമൺ |
| 21. | സെന്റ് മേരീസ് ഓഫ് മെഡിക്കൽ ടെക്നോളജി & മാനേജ്മെന്റ് മിഡിയ, കൊട്ടാരക്കര |
| 22. | കാഡ് ഡെന്റൽ മൈക്രോ, വലിയവിള ബിൽഡിംഗ്, വീനസ് ജം. |
| 23. | ഐ.എ.ടി. പ്രോഫഷണൽ, കൊട്ടാരക്കര |
| 24. | ബ്രില്യന്റ് നാനോ ലേണിംഗ് സെന്റർ, പുലമൺ |
| 25. | ഇംപൾസ് എൻട്രൻസ് ഓറിയന്റ് സ്പെഷ്യൽ ട്യൂഷൻ സെന്റർ, പുലമൺ. |
| 26. | ദിശ അക്കാഡമി, പാലവിളയിൽ ടവേഴ്സ്, പുലമൺ |
| 27. | ദിശ അക്കാഡമി, പാലസ് ലാന്റ് ബിൽഡിംഗ്, പുലമൺ |
| 28. | ന്യൂ ആൽഫ, സെന്റ് ജോർജ്ജ് ബിൽഡിംഗ്, പുലമൺ |
| 29. | ഫോണിക്സ് ഡിജിറ്റൽ സർവ്വെ & ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സി.എം.പി. ടവർ |
| 30. | കൊമേഴ്സ്, ജോസ് ടവർ, പുലമൺ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കാലകരണപ്പെട്ട തൊഴിൽ നികുതിയുടെ തുക കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

എൻക്വയറി നം.9/28.2.23

## 1-17 ട്രേഡേഴ്സ് ലിസ്റ്റിന് അനുസൃതമായി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

2021-22 വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ആയതിന്റെ ഡിവിഷൻ(വാർഡ്)തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 10 | 10 |
| 2 | 20 | 36 |
| 3 | 40 | 33 |
| 4 | 244 | 120 |
| 5 | 263 | 228 |
| 6 | 38 | 27 |
| 7 | 34 | 27 |
| 8 | 154 | 0 |
| 9 | 206 | 142 |
| 10 | 14 | 12 |
| 11 | 8 | 8 |

| | | |
|---|---|---|
| 12 | 8 | 7 |
| 13 | 27 | 23 |
| 14 | 15 | 14 |
| 15 | 17 | 15 |
| 16 | 11 | 12 |
| 17 | 12 | 10 |
| 18 | 5 | 3 |
| 19 | 4 | 6 |
| 20 | 8 | 3 |
| 21 | 5 | 3 |
| 22 | 8 | 5 |
| 23 | 6 | 6 |
| 24 | 24 | 0 |
| 25 | 116 | 89 |
| 26 | 39 | 35 |
| 27 | 6 | 5 |
| 28 | 102 | 73 |
| 29 | 11 | 13 |

ലഭ്യമാക്കിയ ട്രേഡ്സ് ലിസ്റ്റും ലൈസൻസ് ഫീസ് ഒടുക്കുവരുത്തിയ സ്ഥാപനങ്ങളുടെ പട്ടികയും തമ്മിലുള്ള പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1) ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

2, 16, 19, 24, 29 എന്നീ ഡിവിഷനുകളിലെ ട്രേഡേഴ്സ് ലിസ്റ്റിലെ എണ്ണത്തെ അധികരിച്ച് കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.ആയിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പരിഷ്കരിക്കേണ്ടതാണ്.

2) മിക്ക ഡിവിഷനുകളിലും ഒട്ടനവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

3) കച്ചവട സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയ രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിക്കുകയും,ആയത് അനുസരിച്ച് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.

എൻക്വയറി നം .11/28.2.23

## 1-18 കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ പിഴ ഇനത്തിൽ ചെലവഴിച്ച തുക നിരാകരിക്കുന്നു.

പ്രോജക്ട്നം – 216/22
അടങ്കൽതുക - 4351728/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ് – 4351728/-രൂപ

2021-22 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ) നിർവ്വഹണം നടത്തിയ പദ്ധതിയാണ് താലൂക്ക് ഹോസ്പിറ്റലിന്റെ കണ്ടിജന്റ് ചെലവുകൾ.ടി പദ്ധതി ഭാഗമായിട്ടുള്ള കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഇനത്തിൽ എല്ലാ മാസങ്ങളിലും ഫൈൻ ഉൾപ്പടെയാണ്

തുക ഒടുക്ക് വരുത്തുന്നത്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കറണ്ട് ചാർജ്ജ് (കൺസ്യൂമർനം -1345870024863)

| കാലയളവ് | കറണ്ട് ചാർജ്ജ് (രൂപ) | ഫൈൻ (രൂപ) | ഒടുക്കിയതുക (രൂപ) | ബിൽ നം /തിയതി |
|---|---|---|---|---|
| 1/21 | 271901/- | 865/- | 272766/- | 3/6.11.21 |
| 2/21 | 273743/- | 876/- | 274619/- | 3/6.11.21 |
| 3/21 | 250538/- | 785/- | 251323/- | 3/6.11.21 |
| 4/21 | 309895/- | 1025/- | 310920/- | 3/6.11.21 |
| 5/21 | 296184/- | 973/- | 297157/- | 3/6.11.21 |
| 6/21 | 277888/- | 897/- | 278785/- | 3/6.11.21 |
| 7/21 | 266172/- | 953/- | 267125/- | 3/6.11.21 |
| 8/21 | 302989/- | 996/- | 303985 | 7/30.3.22 |
| 9/21 | 293157/- | 950/- | 294107/- | 7/30.3.22 |
| 10/21 | 341459/- | 1019/- | 342478/- | 7/30.3.22 |
| 11/21 | 315266/- | 1030/- | 316296/- | 7/30.3.22 |
| 12/21 | 433096/- | 1048/- | 434144/- | 7/30.3.22 |
| | | 11417/- | | |

2) വെള്ളക്കരം

2021-22 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കൺസ്യൂമർ ഐ.ഡി. | ദ്വൈമാസ വാട്ടർ ചാർജ്ജ് (₹) | അഡിഷണൽ ചാർജ്ജ് (₹) | പിഴ (₹) | ഒടുക്കിയ തുക (₹) | ബിൽനം/ തിയതി |
|---|---|---|---|---|---|
| 2241100019 | 78057/- | 191276/- | 14846/- | 284179 | 3/6.11.21 |
| 2241100435 | 3122/- | 3401/- | 422/- | 6945 | 3/6.11.21 |
| 2241100795 | 57141/- | 170558/- | 14200/- | 241899 | 3/6.11.21 |
| 2241100019 | 20019 | 78065 | 2082 | 94300/- | 106166/-രൂപയ്ക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം 94300/- രൂപ ഒടുക്കിയിട്ടുള്ളൂ. 4/15.11.21 |
| 2241100435 | 1298/- | 1630/- | 52 | 2980 | 4/15.11.21 |
| 2241100795 | 19047/- | 57149/- | 1524/- | 77720 | 4/15.11.21 |
| | | ആകെ- | 33126/- | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ ഫൈൻ ഇനത്തിൽ ഒടുക്കേണ്ടി വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി പിഴതുകയിനത്തിലുള്ള ചെലവ് 44543/-(11417+33126) രൂപ നിരാകരിക്കുന്നു.

എൻക്വയറി നം .8/28.2.23

നിരാകരണം – 44543/-രൂപ

## 1-19 മരുന്ന് ലഭ്യമാക്കാൻ ശേഷിക്കുന്ന ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളാണ് പി.എച്ച്. സിക്ക് മരുന്നുകൾ വാങ്ങൽ, പാലിയേറ്റിവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങൽ എന്നിവ. മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നൽകിയ തുക(രൂപ) | മരുന്ന് ലഭ്യമായ തുക(രൂപ) | മരുന്ന് ലഭ്യമാ ക്കാൻഅവ ശേ ഷി ക്കുന്ന തുക (രൂപ) | ബിൽനം/ തിയതി |
|---|---|---|---|---|
| താലൂക്ക് ഹോസ്പിറ്റലിന് മരുന്നുകൾ വാങ്ങൽ(58/22) | 200000/- | 0 | 200000/- വികസനഫണ്ട്-ജനറൽ | 6/6.1.22 |
| പാലിയേറ്റിവ്കെയർ മരുന്ന കൾ വാങ്ങൽ (59/22) | 400000/- | 378728/- | 21272/-വികസനഫണ്ട്-ജനറൽ | 2/13.10.21 |
| | | ആകെ- | 221272/ | |

221272/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് സ്റ്റോക്കിൽ ഇല്ലാത്തതിനാലാണ് ലഭ്യമാക്കാത്തതെന്നും എത്രയും വേഗം നൽകാമെന്നും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 221272/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.13/28.2.23

തടസ്സം- 221272/-രൂപ

## 1-20 കാലാവധി വൈകൽ പിഴ പലിശ ഈടാക്കിയില്ല

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടനം.147/22 (സ്പിൽ ഓവർ) | നീലേശ്വരം വെയിറ്റിംഗ് ഷെഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 250000/-രൂപ (തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. ജോൺ വർഗീസ് |
| കരാർ | 22/AE/LSGD/kTRAMC/2020-21-തീ.01-06-2020 |
| ചെലവ് തുക | 218449/-രൂപ, ചെക്ക് നം.303212/30-3-22 |
| എഗ്രീഡ്പി.എ.സി | 196187/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 31-10-22 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 31-12-21 |

| | |
|---|---|
| വൈകിയ കാലയളവ് : | 123 ദിവസം (6 മാസം നീട്ടിയ കാലയളവ് കഴിച്ച്) |
| കണക്കാക്കാവുന്ന ഫൈൻ | 3447/-രൂപ (196187 X0.1% 123/7). |
| ഈടാക്കിയ ഫൈൻ. | 0 |
| ഈടാക്കിയതിൽ കുറവുവന്ന തുക | 3447/-രൂപ |

2

| | |
|---|---|
| പ്രോജക്ടനം. 131/22 (സ്പിൽ ഓവർ) | മുതുവാന്നൂർ പോളച്ചിറ ലിങ്ക് റോഡ് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 400000/-രൂപ (സി.എഫ് .സി) )<br>200000/-രൂപ (തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. വേണുഗോപാൽ |
| കരാർ | 55/AE/LID&EW/KTRAMC /2020-21,തീ.14-10-2020 |
| ചെലവ് തുക | 483307/-രൂപ<br>(ബിൽനം. 530734/30-3-22 തുക 400000/-രൂപ,<br>ചെക്ക് നം. 303223 & 303224/തീയതി 30.03.2022<br>തുക 66047/-രൂപ, 17260/-രൂപ) |
| എഗ്രീഡ്പി.എ.സി | 452605/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25-3-22 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 13-4-2021 |
| വൈകിയ കാലയളവ് : | 163 ദിവസം (6 മാസം കഴിച്ച്) |
| കണക്കാക്കാവുന്ന ഫൈൻ | 10539/-രൂപ (452605x0.1% X 163/7). |
| ഈടാക്കിയ ഫൈൻ | 0 |
| ഈടാക്കിയതിൽ കുറവുവന്ന തുക | 10539/-രൂപ |

3

| | |
|---|---|
| പ്രോജക്ട്164/22 | പടിഞ്ഞാറ്റിൻകര യു.പി.എസ്റോഡ്-ജടയൻകാവ്മേല്പട്ട് റോഡ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 475000/-രൂപ (സംരക്ഷണ ഗ്രാന്റ്, റോഡ്, ) |
| കരാറുകാരൻ | ശ്രീ. സുനിൽ കുമാർ |
| കരാർ | 78/AE/LID&Ww/KTRAMC/2020-21,തീ.2-11-20 |
| ചെലവ് തുക | 468039/-രൂപ, (ബിൽ നം 16010012870, തീ 27-01-2022) |
| എഗ്രീഡ്പി.എ.സി | 419067/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28-12-22 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 01-11-21 (6 മാസം കഴിച്ച്) |

| | |
|---|---|
| വൈകിയ കാലയളവ് : | 57 ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 3412/-രൂപ (419067x0.1% X 57/7). |
| ഈടാക്കിയ ഫൈൻ. | 0 |
| ഈടാക്കിയതിൽ കുറവുവന്ന തുക | 3412/-രൂപ |

മേൽ പ്രവൃത്തികൾക്ക് പിഴ ഈടാക്കേണ്ടിയിരുന്ന 17,398/- രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ആഡിറ്റ് എൻക്വയറി നം 2/27-2-23

## 1-21 കിളിച്ചെടുത്ത മണ്ണിന്റെ അളവു കുറവു ചെയ്തിതില്ല. അധിക ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്റ്റ് നം. 146/22

വയണംകുളം സെന്റ് മേരീസ് റോഡ് സൈഡ് കെട്ട് റോഡ് ഫോർമേഷൻ

തനതു ഫണ്ട് - 500000/-രൂപ

ചെലവ് - 265095/-രൂപ ചെക്ക് നം.32108/23-2-23

അളവ് പുസ്തകം-168/19-20

കരാറുകാരൻ-ഗണേശൻ

ഈ പ്രവൃത്തിയുടെ ഇനം നം. 1-ൽ 21.65 $M^3$ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഇനം 3 ൽ 73.28 $M^3$ ഫിൽ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 10.82 $M^3$ മണ്ണ് കുറവു ചെയ്ത 62.46 $M^3$ മണ്ണിന്റെ വിലയായി 334.76 രൂപ നിരക്കിൽ 20904.23 രൂപ നൽകിയിട്ടുണ്ട് (നൽകാവുന്ന തുക 20909.1രൂപ). എന്നാൽ നൽകേണ്ട വില ചുവടെ ചേർക്കുന്നു. (കിളച്ചെടുത്ത മണ്ണ് ഈ പ്രവൃത്തിയിൽ ഫില്ലിംഗിനായി ഉപയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല)

| | |
|---|---|
| ഫിൽ ചെയ്ത അളവ് - | 73.28 $M^3$ |
| കിളച്ചെടുത്ത മണ്ണ് | (-)21.65$m^3$ |
| ബാലൻസ് ഫിൽ ചെയ്ത അളവ് | 51.63 |
| കൺസോളിഡേഷൻ (10%)<br>CPWD Specification 2019 Para 2.11.5 | 5.63 |
| തുക നൽകാവുന്ന അളവ് | 46$m^3$ |

46 $M^3$ ന @ 334.76 നിരക്കിൽ നൽകാവുന്ന തുക = 15399/-രൂപ

അധികം നൽകിയത് 5505/-രൂപ. അധിക തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം അറിയിത്തേണ്ടതാണ്.

നിരാകരണം - 5505/-രൂപ

ആഡിറ്റ് എൻക്വയറി നം. 3/28-2-23

## 1-22 റീടെൻഷൻ ഈടാക്കാതെ പ്രവൃത്തി ബിൽ തുക നൽകി

പ്രോജക്റ്റ് നം. 99/21-22

പടിഞ്ഞാറ്റിൻകര അമ്പലം റോഡ് കലക്കട ഉരുകല്ലം പാണ്ടി വയൽ റോഡ് നവീകരണം

അടങ്കൽ-350000/-രൂപ (മെയിന്റനൻസ് ഫണ്ട്)

150000/-രൂപ (തനതു ഫണ്ട്)

ചെലവ്-350000/-രൂപ, ബിൽ നം.601051850/3-2-22

2972/-രൂപ ചെക്ക് നം. 32105/22-2-22

അളവു പുസ്തകം-247/19-20

കരാറുകാരൻ-രാജി ചാക്കോ

നിർവ്വഹണം – മുൻസിപ്പൽ എഞ്ചിനീയർ

മേൽ പ്രവൃത്തിയിൽ ആകെ അഞ്ച് ഇനങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ ഇനം 4. Bern Concreteഇനം. 5.

എർത്ത് ഫില്ലിംഗ് ഈയിനങ്ങൾ ചെയ്യാതെ ആദ്യ മൂന്ന് ഇനങ്ങൾ മാത്രം ചെയ്തു റീ ടെൻഷൻ കുറവു ചെയ്യാതെ ബിൽ തുക നൽകിയിരിക്കുന്നു.
ബിൽ തുക 352972/-രൂപ
ഈടാക്കേണ്ടിയിരുന്ന റീ ടെൻഷൻ 8824/-രൂപ.
പദ്ധതി സ്പിൽ ഓവർ ആക്കി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്. റീ ടെൻഷൻ ഈടാക്കാതെ ബിൽ തുക നൽകിയതിനു വിശദീകരണം നൽകേണ്ടതുമാണ്.

## 1-23 അശാസ്ത്രീയമായ പൂട്ടുകട്ട പാകൽ

പ്രോജക്ക് നം.141/22
ഗണപതി അമ്പലം പടിഞ്ഞാറ്റിൻകര റോഡ് നവികരണം.
അടങ്കൽ-330000/-രൂപ (തനതു ഫണ്ട്)
ചെലവ് - 269138/-രൂപ – ചെക്ക് നം.32110,323208,323209/23-2-22

ഗണപതി അമ്പലം പടിഞ്ഞാറ്റിൽകര റോഡ് നവീകരണം എന്ന പ്രവൃത്തിയിൽ 80 Mm കനമുള്ള ഇന്റർലോക്ക് പാകാനായിരുന്നു ആദ്യ എസ്റ്റിമേറ്റ്. എന്നാൽ റിവൈസസ് എസ്റ്റിമേറ്റിൽ ഇതു 60 Mm കനമുള്ള ഇന്റർലോക്കിലേക്കു മാറ്റി. 2.5 മീറ്റർ മുതൽ 4.5 മീറ്റർ വരെ വീതിയുള്ള റോഡിലാണ് ഇന്റർലോക്കു പാകിയത്. 60 Mm കനത്തിലുള്ള ഇന്റർലോക്കു കട്ടകൾ നടപ്പാതകളിലാണ് പാകുന്നത്. വാഹനങ്ങൾ കടന്നുപോകുന്ന വഴിയിൽ 80 Mm കനമുള്ള കട്ടകളാണു പാകുന്നത്.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/28-2-23 നു വിശദീകരണം ലഭ്യമാക്കിയില്ല. രേഖാമൂലമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകാത്ത സാഹചര്യത്തിൽ അശാസ്ത്രീയമായ ഇന്റലോക്ക് പാകലിന്റെ ചെലവ് 269138/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 കുഴൽ കിണർ നിർമ്മാണം -ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് 76/ 22
ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം
അടങ്കൽ 114000/-രൂപ (സി.എഫ്.സി)
ചെലവ് - 114000/-രൂപ (സി.എഫ്.സി. പി എഫ്.എം.എസ്/30-3-22)
നിർവ്വഹണം – മുൻസിപ്പൽ എഞ്ചിനീയർ

ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കുഴൽ കിണർ നിർമാണത്തിനായി 114000/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിനു എസ്റ്റിമേറ്റ് പ്രകാരം നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഭൗതിക പരിശോധനയിൽ കിണർ നിർമ്മാണം നടത്തിയിട്ടുള്ളതായി കാണാൻ സാധിച്ചു. എന്നാൽ പമ്പ് ഹൗസ്, മോട്ടോർ എന്നിവ സ്ഥാപിച്ചു കിണർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയില്ല. രേഖാമൂലമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകാത്ത സാഹചര്യത്തിൽ 114000/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി. നം.28/3-3-23
തടസ്സം – 114000/-രൂപ

## 1-25 അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം

2021 - 22 വർഷത്തിലെ ലേബർ ബഡ്ജറ്റ് പ്രകാരം 391 പ്രവ്യത്തികൾക്കായി 128745000 രൂപ വകയിരുത്തിയിരുന്നു. വേതനമിനത്തിൽ 16376109/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2740 പേർ തൊഴിലിനായി ലേബർ കാർഡ് എടുത്തിട്ടുണ്ടെങ്കിലും 1150 സജീവ തൊഴിലാളികളാണ് നിലവിലുള്ളത്. പ്രധാനമായി ഭൂവികസനം, തോട്ടു സംരക്ഷണം, പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ തുടങ്ങിയ പ്രവൃത്തികളാണു നടപ്പിലാക്കിയിട്ടുള്ളത്.

പൊതു അപാകതകൾ

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു ഡേറ്റകൾ നിലവിലില്ല. പഞ്ചായത്തുകളിലെ സെക്യൂർ സോഫ്റ്റ്‌വെയർ ഡേറ്റകളാണു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഈ ഡേറ്റകൾ ഫയൽ ചെയ്തു സൂക്ഷിക്കുന്നില്ല. സൈറ്റ് ഡയറികളിൽ സന്ദർശകരുടെ പേരുവിവരം

രേഖപ്പെടുത്തുന്നില്ല. സന്ദർശിക്കുന്നവർ തൊഴിലാളികളുടെ ഹാജർ സംബന്ധിയായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. ഹാജർ രേഖപ്പെടുത്തുന്നതിൽ അപാകത കാണുന്നു.

പച്ചക്കറി കൃഷിക്കു നിലം ഒരുക്കൽ വാർഡ്-18 അമ്പലപുറം- എന്ന പ്രവൃത്തിയിൽ 35 തൊഴിലാളികൾക്ക് 397 തൊഴിൽ ദിനങ്ങൾക്കായി 11120 രൂപ നൽകിയിരിക്കുന്നു. മസ്റ്റർ റോൾ ക്രമ നം.23 രാധാ രാജു , ക്രമ നം.26 അംബിക എന്നിവരുടെ . ഹാജർ ഒരേ കൈയ്യരത്തിൽ ഒരു പോലെ രേഖപ്പെടുത്തിയിരിക്കുന്നു.
ക്രമ നം. 25. രാധാമണി, ക്രമ നം. 29 രാജൻ ക്രമ നം. 31-നിർമ്മല എന്നിവരുടെ ഹാജരും ഒരേ കൈയക്ഷരത്തിൽ വ്യത്യാസമില്ലാതെ രേഖപ്പെടുത്തിയിരിക്കുന്നു. പേമെന്റ് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വേതനം മേൽ തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്കാണു നൽകിയിട്ടുള്ളത് എന്നു കാണുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 21/01-3-23 നു തൊഴിലാളികൾ പ്രായമേറിയവർ ആയതിനാൽ ചെറിയ കോളങ്ങളിൽ ഹാജർ രേഖപ്പെടുത്താൻ പ്രയാസമുള്ളതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നു മറുപടിയാണു നൽകിയത്. ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-26 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾ -തുക നിക്ഷേപിച്ചതിലെ അപാകതകൾ.

1) 258/22 കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 2, 27.

ചെലവഴിച്ച തുക 510600/-രൂപ (വികസനഫണ്ട് സി.എഫ്.സി ഗ്രാന്റ് എ.സി.ആർ ബിൽ നം258/16-3-22)

വാർഡ് 2, 27 എന്നിവയിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്ക് മുൻവർഷം ഒടുക്കിയ 1537600/- രൂപയുടെ അധിക വിഹിതം 510600/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതാണ് സെക്രട്ടറി നടപ്പിലാക്കിയ മേൽ പദ്ധതി. KWA കൊട്ടാരക്കര പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28-1-22ലെ ഡി.ബി.3/ഇ.എസ്.ടി/പി.എച്ച്.ഡി.എൻ/കെ.ടി.ആർ/21-22 കത്തിൽ മുൻവർഷം കുടിവെള്ള പദ്ധതിക്കായി മുനിസിപ്പാലിറ്റിയിൽ നിന്നും ഒടുക്കിയ 1537600/- രൂപയ്ക്ക് ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ടി.എസ്. റദ്ദ് ചെയ്ത് DSR 18 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി 510600/- രൂപ കൂടി ഒടുക്കുവാൻ മുനിസിപ്പാലിറ്റിയെ അറിയിച്ചതിൻപ്രകാരമാണ് തുക ഒടുക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വ്യക്തമായ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിക്കാവശ്യമായ തുക യഥാസമയം ഒടുക്കു വരുത്തിയിട്ടും വാട്ടർ അതോറിറ്റിയുടെ ടെണ്ടർ നടപടിയിൽ ആരും പങ്കെടുക്കാത്തതിനാലാണ് വീണ്ടും മുനിസിപ്പാലിറ്റിയിൽ നിന്നും പണം ആവശ്യപ്പെട്ടതെന്ന് വ്യക്തമല്ല. മേൽ പദ്ധതിക്കായി മുൻവർഷം തുക നല്കിയതിന്റെ ഫയൽ, വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ്, വാട്ടർ അതോറിറ്റിയുമായുള്ള കരാർ, പുതുക്കിയ എസ്റ്റിമേറ്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അധികം നല്കിയ തുകയുടെ കൃത്യതയോ, തുക നല്കേണ്ടതിന്റെ ആവശ്യകതയോ, കരാർപ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതിയോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ് ആണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തൻവർഷം അധിക വിഹിതമിനത്തിൽ നല്കിയ തുകയായ 510600/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം – 510600/-രൂപ

2) 259/22 കുടിവെള്ള പൈപ്പലൈൻ ദീർഘിപ്പിക്കൽ-ന്യൂനപക്ഷ ക്ഷേമപദ്ധതി ബാക്കി തുക അടവാക്കൽ വാർഡ് 2 (മുസ്ലീം സ്ട്രീറ്റ്).

ചെലവഴിച്ച തുക 458000/-രൂപ (വികസനഫണ്ട് സി.എഫ്.സി ഗ്രാന്റ് ടൈഡ്എ.സി.ആർ ബിൽ നം256/6-3-22)

മേൽ പദ്ധതിയിൽ കൊട്ടാരക്കര മുസ്ലീം സ്ട്രീറ്റിലേക്കുള്ള കുടിവെള്ളപദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് അനുവദിച്ച 16.72 ലക്ഷം രൂപ കഴിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള 21.3 ലക്ഷം രൂപയിലെ 4.58 ലക്ഷം രൂപ വാട്ടർ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഒടുക്കിയിരുന്നു. 258/22 എന്ന പദ്ധതിയിലും ലക്ഷ്യം വയ്ക്കുന്നത് വാർഡ് 2 ലെ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ആയതിനാൽ പദ്ധതിയിൽ ഇരട്ടിപ്പ് വന്നോയെന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും രണ്ട് പദ്ധതിയുടെയും എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരണ

വ്യക്തമാക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 458000/-രൂപ
എൻക്വയറി നം 26/3-3-23
ആകെ തടസ്സപ്പെടുത്തുന്ന തുക – 968600/-രൂപ ( 510600+ 458000)

## 1-27 പി.എം.എ.വൈ ലൈഫ് പദ്ധതി - തുക അധികം നല്കി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് (പ്രോ നം 5/22)പദ്ധതിക്കായി തുക അനുവദിച്ചത് സംബന്ധിച്ച ബില്ലുകളുടെ പരിശോധനയിൽ ശാന്തമ്മ, സതീഷ് ഭവൻ, വാർഡ് 20 എന്ന വ്യക്തിയുടെ ഭവന നിർമ്മാണത്തിന് 400000/- രൂപ നല്കേണ്ടതിന് പകരം 5 തവണകളിലായി 520000/- രൂപ നല്കിയതായി ബോധ്യപ്പെട്ടു. ആനുകൂല്യ വിതരണ രജിസ്റ്ററിൽ 40000/-രൂപ , 160000/-രൂപ , 80000/-രൂപ എന്നീ മൂന്ന് ഗഡുക്കളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ( 5ാം ഗഡു നല്കിയത് 2022-23ൽ) വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽനം/ചെക്ക് നം ,തീയതി | നല്കിയ തുക (₹) | അധികം (₹) |
|---|---|---|
| 44/18-9-21 ആകെ ബിൽ തുക 120000/-രൂപ വികസനഫണ്ട് ജനറൽ | 40000/- | |
| 71/27-10-21 ബിൽ തുക 320000/-രൂപവികസനഫണ്ട് ജനറൽ | 160000/- | |
| 132/30-12-21 ബിൽ തുക 640000/-രൂപവികസനഫണ്ട് ജനറൽ | 160000/- | |
| ചെക്ക് നം 5569/21-2-22 തുക 720000/-രൂപ ലോൺ തുക | 80000/- | |
| പി.എഫ്.എം.എസ്. ബിൽ നം. 61/22-23 തീയതി 26-4-22 തുക 720000/-രൂപ ലോൺ തുക | 80000/- | |
| ആകെ | 520000/- | 120000/- |

അധികമായി നല്കിയ 120000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പദ്ധതി നിർവ്വഹണ അധികാരിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

എൻക്വയറി നം 26/3-3-23,

നിരാകരിക്കുന്ന തുക 120000/-രൂപ

2. പി.എം.എ.വൈ. ആനുകൂല്യ വിതരണം -രേഖകൾ ഹാജരാക്കിയില്ല .

മേൽ പദ്ധതിയുടെ ബില്ലുകൾ പരിശോധിച്ചതിൽ ശ്രീമതി.സരസ്വതി .സി എന്ന വ്യക്തിയുടെ 6732294108 എന്ന എസ്.ബി.എെ അക്കൗണ്ടിലേക്ക് 40000/- രൂപ 16-10-21 ലെ ബില്ലിൽ നിന്നും (ബിൽ തുക 200000/-) നല്കിയിട്ടുണ്ട്.എന്നാൽ ടി വ്യക്തിയുടെ അപേക്ഷയോ രജിസ്റ്ററിലുൾപ്പെടുത്തിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വ്യക്തമായ അർഹതാരേഖകളുടെ അഭാവത്തിൽ ടി വ്യക്തിക്ക് ആനുകൂല്യമിനത്തിൽ നല്കിയ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം – 40000/-രൂപ

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി, നിർവ്വഹണോദ്യോസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (₹) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4/22 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിങ്ങ് അടങ്കൽ തുക1408686(വികസനഫണ്ട് ജനറൽ 616561/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് 797400/-രൂപ KSEB, കൊട്ടാരക്കര ഡിവിഷൻ | തുക 1408686/-രൂപ (വികസനഫണ്ട് ജനറൽ 616561/-രൂപ (എ.സി.ആർ ബിൽ നം 139/4-1-22) സി.എഫ്.സി ഗ്രാന്റ് 700530/-രൂപ (എ.സി.ആർ ബിൽ നം 192/15-2-22), തുക 91595/-രൂപ (എ.സി.ആർ. ബിൽ നം 248/15-3-22) | 1408686/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 2 | 2/22 എസ്.എസ്.കെ.വിഹിതം 1000000/-രൂപ എസ്.എസ്.കെ, കൊല്ലം | തുക 1000000/-രൂപ (എ.സി.ആർ ബിൽ നം 9/23-6-21)/- | 1000000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 3 | പ്രോ നം 247/22 പട്ടികജാതി കോളനി പോസ്റ്റ് ഷിഫ്റ്റിങ്ങ് & ലൈൻ എക്സ്റ്റൻഷൻ എസ്.സി.പി തുക 307253/-രൂപ KSEB, കൊട്ടാരക്കര ഡിവിഷൻ | തുക 307253/-രൂപ (എ.സി.ആർ ബിൽ നം 283/21-3-22 തുക 138679/-രൂപ (എ.സി.ആർ ബിൽ നം 299/24-3-22 തുക 168574/-രൂപ) | 307253/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 4 | 262/22 പൈപ്പലൈൻ എക്സ്റ്റൻഷൻ ആലുംപാറ തുമ്പത്തും പാറ കോളനി,വികസനഫണ്ട് എസ്.സി.പി കേരള വാട്ടർ അതോറിറ്റി, കൊല്ലം | ബിൽ നം 322/27-3-22 1000000/-രൂപ | 1000000/- | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | | ആകെ | 3715939/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 26/3-3-22

തടസ്സപ്പെടുത്തുന്ന തുക – 3715939/-രൂപ

## 1-29 നഗരസഭ എൻജിനീയർക്ക് വാഹനം വാങ്ങൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 123/22 നഗരസഭ അസി. എൻജിനീയർക്ക് വാഹനം വാങ്ങൽ |
| അടങ്കൽ തുക | 909443/-രൂപ തനത് ഫണ്ട് |
| ആകെ ചെലവഴിച്ച തുക | 909443/-രൂപ, ചെക്ക് നം 302691/28-10-21,<br>(റോഡ് ടാക്സ്, ഇൻഷ്വറൻസ് & അഡീഷണൽ ഫിറ്റിംഗ്സ് 225000/-രൂപ |

| | |
|---|---|
| | (ചെക്ക് നം302702/3-11-21))<br>തുക 150000/-രൂപ (ചെക്ക് നം 302706/5-11-21)<br>തുക 75000/-രൂപ (വൗച്ചർ മുഖേനയുള്ള ചെലവ്)<br>ആകെ – 1359443/-രൂപ |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി വഴി നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിനുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാങ്ങുക എന്നതായിരുന്നു. ആകെ 1359443/-രൂപ (റോഡ് ടാക്സ്, ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ) ചെലവഴിച്ച് വാഹനം വാങ്ങുകയും അസി. എഞ്ചിനീയർക്ക് രേഖാമൂലം കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ടി വാഹനം നഗരസഭയിൽ ലഭിച്ചത് മുതൽ നഗരസഭാ ചെയർമാൻ അദ്ദേഹത്തിന് പ്രത്യേക വാഹനം ഉണ്ടായിരിക്കെ ഉപയോഗിച്ച് വരുകയും സർക്കാർ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്തേക്ക് യാത്ര ചെയ്യുകയും, സംസ്ഥാനത്തിന് പുറത്ത് വച്ച് വാഹനം അപകടത്തിൽപ്പെടുകയും ചെയ്തു. വാഹനം ഇൻഷ്വർ ചെയ്ത കമ്പനിയായ റോയൽ സുന്ദരം ഫിനാൻസ് ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ചിട്ടുള്ളതായും ഓഡിറ്റിന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിലേക്ക് നയിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങളും ചട്ടലംഘനങ്ങളും ഒപ്പം നടപടി നിർദ്ദേശങ്ങളുമാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നഗരസഭ എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് മുൻസിപ്പൽ വാഹനം വിട്ടു കിട്ടാത്ത സാഹചര്യമുള്ളതിനാൽ ഒരു വാഹനം വാടകയ്ക്ക് എടുത്ത് നൽകണമെന്ന അസിസ്റ്റന്റ് എൻജിനീയറുടെ 12.10.18 ലെഅപേക്ഷയെ തുടർന്നും 14.3.18 ലെ ജി.ഒ(ആർ.ടി.)നം 690/18 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരവും പുതിയവാഹനം വാങ്ങുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും2019-20ൽ നഗരസഭ എൻജിനീയർക്ക് വാഹനം വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ച് (തനത് ഫണ്ട്) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തു. ടി പദ്ധതി സ്പിൽഓവറാക്കി 2021 -22ൽ GEM ൽ നിന്നും Creta 1.5 Mpi Mt KL24V1173 എന്ന വാഹനം 909443/- രൂപയ്ക്ക് വാങ്ങുകയും 225000/- രൂപ ചെലവഴിച്ച ഇൻഷ്വറൻസ്, റോഡ് ടാക്സ് എന്നിവ എടുക്കുകയും ടി ഡോക്യുമെന്റ്സ് സഹിതം വാഹനം നഗരസഭാ അസി.എഞ്ചിനീയർക്ക് കൈമാറുന്നതിന് 23-11-21ൽ സെക്രട്ടറി നിർദേശിക്കുകയും 29- 11- 21ൽ അസി. എഞ്ചിനീയർ വാഹനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 18- 11- 21 മുതൽ മുൻസിപ്പൽ ചെയർമാൻ തുടർച്ചയായി വാഹനം ഉപയോഗിച്ചുവരുന്നതായും എഞ്ചിനീയറിംഗ് വിഭാഗം ഒരു ദിവസം പോലും വാഹനം ഉപയോഗിച്ചിട്ടില്ലെന്നും ഈ വാഹനം 30-5-22ൽ അപകടത്തിൽപ്പെട്ട് നിലവിൽ ഉപയോഗിക്കുന്നില്ല എന്നും ഇൻഷ്വറൻസ് കമ്പനി വാഹനത്തിന്റെ പേരിലുള്ള മുൻസിപ്പൽ സെക്രട്ടറിയുടെ ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ചു എന്നും ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. വാഹനം അപടത്തിൽപ്പെട്ടതും ഇൻഷ്വറൻസ് കമ്പനി ക്ലെയിം നിഷേധിച്ചതും സംബന്ധിച്ച ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) 2016- 17 ലെ നഗരസഭ ചെയർമാന് വാഹനം വാങ്ങൽ എന്ന പദ്ധതി വഴി നഗരസഭ ചെയർമാന് മഹേന്ദ്ര സൈലോ എന്ന വാഹനം (KL24M 2485, 17-9-16 രജിസ്ട്രേഷൻ) വാങ്ങുകയും നിലവിൽ ആ വാഹനം ഉപയോഗിച്ചുവരികയുമാണ്. എൻജിനീയറിംഗ് വിഭാഗത്തിനുവേണ്ടി സർക്കാർ നിർദേശപ്രകാരം വാങ്ങിയ വാഹനം ചെയർമാൻ തുടർച്ചയായി ഉപയോഗിച്ച സാഹചര്യം, ചെയർമാന് ഈ വാഹനം കൈമാറുന്നതിനുള്ള കമ്മിറ്റി തീരുമാനം ഇതു സംബന്ധമായി സെക്രട്ടറിയുടെ ഉത്തരവ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) ലോഗ് ബുക്കിൽ (പേജ് 102) 29-5-22 ൽ ചെങ്കോട്ട കേരള ഹൗസിലേക്ക് ഔദ്യോഗിക ആവശ്യത്തിനായി ചെയർമാൻ യാത്ര ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 30-5-22 ൽ വാഹനം ചെങ്കോട്ട കേരള ഹൗസിൽ നിന്നും തിരികെ വരുമ്പോൾ 9.30 പി.എമ്മിന് അപകടത്തിൽപ്പെട്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഔദ്യോഗിക യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും രേഖാമൂലം ലഭ്യമാക്കിയിട്ടില്ല. സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വാഹനാപകടം സംബന്ധിച്ച് നഗരസഭാ ചെയർമാൻ സെക്രട്ടറിക്ക് 31-5-22 ൽ നല്കിയ കത്തിൽ സ്വകാര്യആവശ്യത്തിന് വേണ്ടി പോയതാണെന്നും വാഹനം സംസ്ഥാനാതിർത്തിക്ക് പുറത്ത് ഉപയോഗിക്കുമ്പോൾ അനുമതി വാങ്ങണമെന്ന് അറിയില്ലായിരുന്നു എന്നും സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായി കാണുന്നു. ചെയർമാൻ സ്വകാര്യആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിച്ചതും അപകടത്തിൽപ്പെട്ടതും

സംബന്ധിച്ച് രണ്ട് കൗൺസിലർമാർ സെക്രട്ടറിക്ക് രേഖാമൂലം പദ്ധതി നല്കിയിരുന്നതായി കാണുന്നുവെങ്കിലും ടി വിഷയം കൗൺസിലിൽ ചർച്ച ചെയ്തതിന്റെ മിനിട്ട്സ് ഹാജരാക്കിയിട്ടില്ല.

2000 ലെ കേരള മുൻസിപ്പാലിറ്റി (മോട്ടോർ വാഹന ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 5-1 ൽ മുനിസിപ്പാലിറ്റിയുടെ വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും കസ്റ്റോഡിയൻ ഓഫീസറുടെ അനുമതിയില്ലാതെ ഔദ്യോഗിക അവശ്യർത്ഥം ആണെങ്കിൽ പോലും മുനിസിപ്പാലിറ്റിയുടെ അധികാരപരിധിക്ക് പുറത്തു പോകരുതെന്നും ചട്ടം 5-3 ൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി എന്നിവർക്ക് അനുമതി ആവശ്യമില്ലെന്നും എന്നാൽ കൗൺസിലർമാർ മുൻസിപ്പാലിറ്റി അധികാരപരിധിക്കുള്ളിൽ മാത്രമേ വാഹനം ഉപയോഗിക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-6-12ലെ 24935/ഇ.എം 1/2012 നമ്പർ സർക്കുലറിൽ സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന യാത്രകൾ സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന അറിയിപ്പിന്റെ /ക്ഷണക്കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടെ അല്ലാതെ ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ യാത്ര നടത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്)

3) നഗരസഭാ സെക്രട്ടറി 2-6-22ൽ നഗരകാര്യ ഡയറക്ടർക്ക് അയച്ച ഇ1/18206/22ാം നം കത്തിൽ നഗരസഭാ ചെയർമാൻ സംസ്ഥാന അതിർത്തി കടന്ന് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി വാങ്ങിയിരുന്നില്ലെന്നും ദിവസവേതനാടിസ്ഥാനജീവനക്കാരനായ വാഹനഡ്രൈവർ വാഹനം സംസ്ഥാനാതിർത്തി കടന്ന് യാത്ര ചെയ്യുന്നവിവരം നഗരസഭയിൽ അറിയിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ ഈ കത്തും, വാഹനാപകടം സംബന്ധിച്ച് നഗരസഭാ ചെയർമാൻ സെക്രട്ടറിക്ക് 31-5-22 ൽ നല്കിയ കത്തും വ്യക്തമാക്കുന്നത് അനുമതിയില്ലാതെയാണ് യാത്ര നടത്തിയതെന്നും തെറ്റായ വിവരങ്ങളാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നുമാണ്.

4) വാഹനാപകടത്തിന്റെ FIR, GD എൻട്രി, മോട്ടോർ ഒക്വറൻസ് കേസ് എന്നിവയുടെ പകർപ്പ്, വാഹനത്തിന്റെ ആർ.സി.ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

റീജൻമാത്യു എന്ന വ്യക്തി തന്റെ KL-05-AU-2782 എന്ന വാഹനം എതിരെ വന്ന KL-24-V-1173 എന്ന വാഹനവുമായി കൂട്ടിയിടിച്ചതായും ആർക്കും പരിക്കേൽക്കാത്തതിനാൽ നടപടി ആവശ്യമില്ലെന്നും തമിഴ്നാട് സംസ്ഥാനത്തിലെ പുളിയറ പോലീസ് സ്റ്റേഷനിൽ അറിയിച്ചതിന്റെ പെറ്റീഷൻ രസീത് മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്.

5) നഗരസഭയിൽ നിന്നും സെക്രട്ടറി ഇൻഷ്വറൻസ് ക്ലെയിം ആവശ്യപ്പെട്ടു കൊണ്ട് 15-6-22 ൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിന്, മറുപടിയായി MVI റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാഹനാപകട സമയത്ത് വാഹനം ഓടിച്ച ആളെ സംബന്ധിച്ച വിവരവും അപകടസമയത്ത് ആരൊക്കെ വാഹനത്തിൽ യാത്ര ചെയ്തു എന്ന MVI റിപ്പോർട്ടും വാഹനം അപകടസ്ഥലത്ത് നിന്നും മാറ്റിയതിന്റെ ടോയിങ് ബില്ലും ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഇൻഷുറൻസ് കമ്പനി 21-6-22 ൽ തിരികെ സെക്രട്ടറിക്ക് മെയിൽ അയച്ചിട്ടുണ്ടെങ്കിലും ടി രേഖകൾ സമർപ്പിച്ചതായി രേഖകളില്ല. തുടർന്ന് ഇൻഷുറൻസ് കമ്പനി 24-6-22 ൽ 474000/- രൂപ സെറ്റിൽമെന്റ് ആയി നല്കാമെന്ന് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ തുടർന്ന് വാഹനത്തിന്റെ പേരിലുള്ള ഇൻഷുറൻസ് ക്ലെയിം (ക്ലെയിം നം. PV00906808) പൂർണ്ണമായും നിഷേധിച്ചുകൊണ്ട് 28-7-22 ൽ സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തു. ഫുൾ ഇൻഷുറൻസ് കവറേജ് ഉണ്ടായിട്ടും ക്ലെയിം നിഷേധിക്കാനുള്ള കാരണം ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടില്ല. ഔദ്യോഗിക വാഹനം അപകടത്തിൽപ്പെട്ടത് സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ എന്ന നിലയിൽ സെക്രട്ടറി നിയമനടപടികൾ സ്വീകരിച്ചിട്ടില്ല.

ഔദ്യോഗിക വാഹനത്തിൽ ചെയർമാൻ, ഡ്രൈവർ എന്നിവരെ കൂടാതെ മനോജ് പൊന്നച്ചൻ, ബാലകൃഷ്ണപിള്ള എന്നീ ചെയർമാന്റെ രണ്ട് സുഹൃത്തുക്കൾ കൂടി യാത്ര ചെയ്തതായി ഇൻഷുറൻസ് ക്ലെയിമിന് സമർപ്പിച്ച രേഖകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ 24-2-2003 ലെ ജി.ഒ(എം.എസ്.)113/2003-ാം നം ഉത്തരവിൽ ബന്ധുക്കളെയോ സുഹൃത്തുക്കളെയോ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യാനനുവദിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വ്യക്തികളുടെ വിവരവും ചെയർമാന്റെ ഔദ്യാഗിക യാത്രയിൽ ടി വ്യക്തികൾ പങ്കെടുക്കാനിടയായ സാഹചര്യവും വ്യക്തമല്ല.

നഗരസഭാ ചെയർമാൻ നഗരസഭയുടെ ഔദ്യോഗിക വാഹനം സർക്കാർ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്തു കൊണ്ടുപോകുകയും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന വേളയിൽ സംസ്ഥാനത്തിന് പുറത്തുവച്ച് വാഹനാപകടം സംഭവിക്കുകയുമാണ് ചെയ്തത്. അപകടം സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ട അടിസ്ഥാന രേഖകൾ പോലും നൽകാത്ത സാഹചര്യത്തിൽ ക്ലെയിം നിഷേധിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. രേഖകൾ ലഭ്യമാക്കി ഇൻഷ്വറൻസ് ക്ലെയിം നേടിയെടുക്കുന്നതിനുള്ള തുടർനടപടികളോ ഇൻഷ്വറൻസ് കമ്പനിക്കെതിരെ നിയമനടപടികളോ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഇൻഷ്വറൻസ് കമ്പനി ക്ലെയിം നിഷേധിച്ചതിനാൽ 'ടോട്ടൽ ലോസ്' ആയി മാറിയ ടി വാഹനം വാങ്ങുന്നതിനും അനുബന്ധചെലവുകൾക്കുമായി നഗരസഭയിൽ നിന്നും ചെലവഴിച്ച (1359443 – 225000 (റോഡ് ടാക്സ്, ഇൻഷ്വറൻസ്) കിഴിച്ച്) 1134443/-രൂപ നിരാകരിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഔദ്യാഗിക വാഹനം ദുരുപയോഗം ചെയ്യുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തവും ഓഡിറ്റിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്റെ ഉത്തരവാദികളും വാഹനം ദുരുപയോഗം ചെയ്യുന്ന വ്യക്തികൾക്കായിരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.2009 ലെ ജി.ഒ(എം.എസ്.)170/2009 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇൻഷ്വറൻസ് ക്ലെയിം നേടിയെടുക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടതുകയായ 1134443/-രൂപ വാഹനം ദുരുപയോഗം ചെയ്ത നഗരസഭാ ചെയർമാൻ, കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരണം – 1134443/-രൂപ

എൻക്വയറി നമ്പർ 27/3-3-22

## 1-30 സാക്ഷരതാ തുല്യതാപരീക്ഷ - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 217/22 സാക്ഷരതാ തുല്യതാ പരീക്ഷ |
| അടങ്കൽ തുക | 135500/-രൂപ വികസനഫണ്ട് |
| ചെലവഴിച്ച തുക | 135500/-രൂപ (എ.സി.ആർ. ബിൽ നം. 138/4-1-22) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി തുടർസാക്ഷരതാതുല്യതാപഠനത്തിനായി 135500/-രൂപ സാക്ഷരതാ മിഷനിൽ ഒടുക്കിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. പഠിതാക്കളുടെ അപേക്ഷകളോ അർഹത തെളിയിക്കുന്ന രേഖകളോ തുല്യതാപരീക്ഷയ്ക്ക് ഹാജരായതിന്റെയോ പാസ്സായതിന്റെയോ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 135500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 26/3-3-23

തടസ്സപ്പെടുത്തുന്ന തുക – 135500/- രൂപ

## 1-31 ഹരിതകർമ്മ സേനക്ക് ഗ്യാപ്പ് ഫണ്ട് -ഹരിതകർമ്മ സേനകളുടെ കളക്ഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയും പാഴ്വസ്തുക്കൾ വിറ്റു കിട്ടുന്ന തുകയും മറ്റിനങ്ങളും ചേർത്ത് ലഭിക്കുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും (പ്രവർത്തിക്കുന്ന ദിവസങ്ങളിൽ അടിസ്ഥാന ദിവസവേതനം 750/-രൂപ), പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവു വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കുന്നത്.

പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതകർമ്മ സേനക്ക് ഗ്യാപ്പ് ഫണ്ട് (പ്രോ. നം. 233/22) എന്ന പദ്ധതി വഴി മുനിസിപ്പാലിറ്റിയിലെ 44 ഹരിതകർമ്മസേനാംഗങ്ങൾക്കായി ഗ്യാപ്പ് ഫണ്ടിനത്തിൽ തൻ വർഷം 7,64,990/-രൂപ (എ.സി.ആർ. ബിൽ നം. 234/9-3-22) കൈമാറിയിരുന്നു. ടി തുകയിൽ 1,27,566/-രൂപ അധികമായതിനാൽ 2022-23 വർഷം തിരികെ ഈടാക്കി തനതുഫണ്ടിൽ ഒടുക്ക

വരുത്തിയിട്ടുണ്ട്. നിലവിൽ ഗ്യാപ്പ് ഫണ്ടായി അനുവദിച്ച 6,37,424/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനായി ടി അംഗങ്ങൾക്ക് യൂസർ ഫീ പിരിക്കുന്നതിന് അനുവദിച്ച രസീതുകളുടെ വിവരം, സന്ദർശിച്ച വീടുകൾ/ സ്ഥാപനങ്ങളുടെ വിവരങ്ങൾ, കളക്റ്റ് ചെയ്തതും കൺസോർഷ്യത്തിലേക്ക് ഒടുക്കിയതുമായ തുകകളുടെ വിവരങ്ങൾ എന്നിവ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 6,37,424/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 16/28-2-23

തടസ്സപ്പെടുത്തുന്ന തുക – 6,37,424/-രൂപ

## 1-32 ഹരിത കർമ്മസേനക്ക് യൂണിഫോം- പ്രോജക്റ്റിൽ നിർണ്ണയിച്ച എണ്ണത്തിലും അധികമായി വാങ്ങി വിതരണം ചെയ്തു.

പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ (പ്രോ.നം. 52/22) ഹരിത കർമ്മസേനക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി വഴി 44 ഹരിതകർമ്മസേനാംഗങ്ങൾക്ക് 3 യൂണിഫോം വീതം 132 എണ്ണത്തിനു (@825/-രൂപ) 108900/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് എ.സി.ആർ. ബിൽ നം 250/15-3-22) ചെലവഴിച്ച് വാങ്ങി നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ വിശദാംശം ചുവടെ ചേർക്കുന്നു.

മുനിസിപ്പാലിറ്റിയിൽ നിന്നും 2018-19 കാലയളവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഒരു ജോഡി യൂണിഫോം വീതം വാങ്ങി നല്കിയിരുന്നു.

കോവിഡ് കാലത്ത് ഹരിത കർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം മുടങ്ങാതിരിക്കുന്നതിനായി ഹരിത കർമ്മസേനക്ക് നിലവിലുള്ള ഒരു ജോടി യൂണിഫോമിന് പുറമേ രണ്ട് ജോഡി യൂണിഫോം കൂടി നല്കണമെന്ന കൊല്ലം ജില്ലാകളക്റുടെ 5-5-21ലെ H/KM/H.S.S/5/18 കത്തിലെ നിർദ്ദേശത്തെ തുടർന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8-5-21ലെ 101/ഡി.സി1/2021ാം നം. സർക്കുലറിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് 3 ജോഡി യൂണിഫോം ഉറപ്പു വരുത്തണമെന്ന നിർദ്ദേശത്തെ തുടർന്നും 2 ജോഡി യൂണിഫോം കൂടി വാങ്ങി നല്കുന്നതിന് വേണ്ടി ആയിരുന്നു പദ്ധതി ആവിഷ്കരിച്ച് അംഗീകാരം നേടിയിരുന്നത്. എന്നാൽ അംഗീകരിച്ച പദ്ധതിയിൽ നിന്നും അധികമായി 1 ജോഡി യൂണിഫോം അധികം വാങ്ങി നല്കിയിരിക്കുകയാണ്.മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ആയി നിലവിലുള്ള യൂണിഫോം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് 3 യൂണിഫോം വീതം വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ വിവരം നോട്ട് ഫയലിൽ രേഖപ്പെടുത്തുകയോ പ്രോജക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം നേടുകയോ ചെയ്തിട്ടില്ലാത്തതിനാലും സർക്കാർ അനുമതിയിലും അധികമായി 44 യൂണിഫോം വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 36300/- (44*825) രൂപ നിരാകരിക്കുന്നു. അനുമതിയില്ലാതെ അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 16/28-2-23

നിരാകരിക്കുന്ന തുക – 36,300/-രൂപ

## 1-33 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം-പദ്ധതി നടത്തിപ്പ് രേഖകൾ ഹാജരാക്കിയില്ല.

പ്രോ. നം. 232/22 – സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം
ചെലവഴിച്ച തുക - 763000/-രൂപ
(ധനകാര്യകമ്മീഷൻ ഗ്രാന്റ്, എ.സി.ആർ ബിൽ നം 262/17-3-22 തുക 673000/-രൂപ,
എ.സി.ആർ ബിൽ നം 301/24-3-22 തുക 90000/-രൂപ)

പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി കെൽട്രോണിന് 763000/- രൂപ കൈമാറിയിട്ടുണ്ട്. ലാപ്ടോപ്പിന് 50000/-, 42500 Q.R.code പ്രിന്റ് ചെയ്യുന്നതിന് 40000/- രൂപ എസ്.എം.എസ്. ചാർജ്ജിനത്തിൽ (184615 എസ്.എം.എസ്) 24000/- രൂപയും 6 മാസത്തെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷനായി 649000/- രൂപയും ഉൾപ്പെട്ടതാണ് ടി തുക. മേൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലാപ്ടോപ്പ്, ക്യു.ആർ. കോഡ് എന്നിവ ലഭിച്ചിട്ടുള്ളതും

പദ്ധതി നിർവ്വഹണം അവസാനഘട്ടത്തിലാണെന്നും മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ രേഖകൾ, തുകയുടെ പൂർണ്ണമായ വിനിയോഗരേഖകൾ എന്നിവ ഹാജരാക്കുന്നത് വരെ കെൽട്രോണിന് നല്കിയ 763000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്,

എൻക്വയറി നം 16/28-2-23

തടസ്സപ്പെടുത്തുന്ന തുക 7,63,000/-രൂപ

## 1-34 ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല.

പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ആദ്യഗഡു കൈപ്പറ്റിയിട്ടും നിലവിലും പ്രവർത്തി ആരംഭിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

(1) പ്രോ. നം. 64/22 – പുതിയ തുറന്ന കിണർ (ജനറൽ)
ബിൽ നം. 273/19-3-22, തുക - 1,12,500/-രൂപ

| | പേര്, വിലാസം | ആദ്യ ഗഡുവായി കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ബിജു ബിജു ഭവൻ, ഇ ടി സി | 7500/- |
| 2 | ശ്രീലത ആർ, മുറ്റത്തുവിള, തൃക്കണ്ണമംഗലം | 7500/- |
| 3 | ഷീബ മോൾ, മാനാംപള്ളി തെക്കതിൽ, കൊട്ടാരക്കര | 7500/- |
| | ആകെ | 22500/- |

(2) ഭവനപുനരുദ്ധാരണം ജനറൽ 62/22

പി.എഫ്.എം.എസ്. ബിൽ നം 850/21-22 തീ. 28-2-22, തുക 350000/-രൂപ

| | പേര്, വിലാസം | ആദ്യ ഗഡുവായി കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | മോഹനബാബു, മോഹന വിലാസം, കിഴക്കേക്കര | 12500/- |
| 2 | രതമ്മ, ദീപാ ഭവൻ, കിഴക്കേക്കര | 12500/- |
| 3 | ലൈലാ കുമാരി പനമ്പത്ത് പുത്തൻവീട് | 12500/- |
| 4 | രാജീവ് കുമാർ എം, കേളമത്ത് വീട്, | 12500/- |
| 5 | സുമയ്യത്ത് ബീഗം, നസ്മി മൻസ്സിൽ | 12500/- |
| 6 | ഹരികുമാർ കാരയ്ക്കൽ പറമ്പിൽ | 12500/- |
| | ആകെ | 75000/- |

അഡ്വാൻസായി ആദ്യഗഡു കൈപ്പറ്റിയ മേൽ വ്യക്തികൾ നിലവിലും പദ്ധതി പ്രകാരം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ രണ്ട് പദ്ധതികളിലുമായി ടി വ്യക്തികൾക്ക് അഡ്വാൻസ് നൽകുന്നതിന് വേണ്ടി ചെലവഴിച്ച 97500/- രൂപ (22500+75000) തടസ്സപ്പെടുത്തുന്നു. ടി വ്യക്തികൾ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാത്ത പക്ഷം അഡ്വാൻസായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിയുടെ മറുപടിയിൽ തുക തിരികെ ഒടുക്കുന്നതിന് നോട്ടീസ് നല്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

എൻക്വയറി നം 16/28-2-23

തടസ്സപ്പെടുത്തുന്ന തുക 97500/-രൂപ

## 1-35 " പി ഒ എസ് / സ്വൈപ്പിംഗ് മെഷീൻ " മുഖേന ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച തുകകൾ പൂർണ്ണമായും അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

വിവിധ വരവിനങ്ങൾക്കായി നഗര സഭയുടെ ഫ്രണ്ട് ഓഫീസിൽ " പി ഒ എസ് / സ്വൈപ്പിംഗ് മെഷീൻ " മുഖേനസ്വീകരിച്ച തുകകൾ നഗരസഭയ്ക്കായി കാനറാബാങ്ക് കൊട്ടാരക്കര ശാഖയിൽ നിലവിലുള്ള അക്കൗണ്ടിൽ ( നം.2681101019672 ) ക്രഡിറ്റ് ചെയ്തിട്ടുള്ളത് പരിശോധിച്ചതിൽ ഓരോദിവസത്തെ ക്രഡിറ്റ് തുകയിലും പ്രത്യേക ചാർജ്ജ് ഈടാക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | കാർഡ് റിപ്പോർട്ട് പ്രകാരം വരവ് തീയതി | തുക ₹ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് തീയതി | ക്രഡിറ്റ് ചെയ്ത തുക ₹ |
|---|---|---|---|---|
| 1 | 11.04.22 | 18,767/- | 12.04.22 | 18,648/- |
| 2 | 13.04.22 | 6,140/- | 14.04.22 | 6,119/- |
| 3 | 16.04.22 | 19,003/- | 17.04.22 | 18,710/- |
| 4 | 30.04.22 | 31,089/- | 02.05.22 | 31,057/- |
| 5 | 23.05.22 | 39,781/- | 24.05.22 | 38,800/- |

ഇത്തരത്തിൽ ദൈനംദിന കളക്ഷനിൽ കുറവ് വന്നിട്ടുള്ളത് ഒഴിവാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 23 / 02.03.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ ഇനത്തിൽ മുനിസിപ്പൽ ഫണ്ടിന് നഷ്ടപ്പെട്ട തുക തിരികെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനും തനത് ഫണ്ട് വരവിലുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്തുന്നതിനും ബാങ്ക് അധികാരികളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 വസ്തുനികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി- അപാകതകൾ പരിഹരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2021-22 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ളപ്പോഴും നികുതി നിർണ്ണയത്തിൽ വരുത്തേണ്ട 20% വർദ്ധനവ് വരുത്തിയിട്ടില്ല എന്ന് കണ്ടു. 5 മീറ്ററിലധികം വീതിയുള്ള റോഡിന്റെ പേര് രേഖപ്പെടുത്തിയതിനു ശേഷം റോഡിന്റെ തരം എന്ന ഭാഗത്ത് '1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്' എന്ന് രേഖപ്പെടുത്തിയതിന്റെ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 25/ 02.03.23) നല്കിയിരുന്നു. കെട്ടിടങ്ങളുടെ പ്രവേശനം ഉൾപ്പെട്ടിട്ടുള്ള ചെറിയ റോഡിന് (1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള) സമീപത്ത് കൂടി കടന്നു പോകുന്ന പ്രധാന റോഡിന്റെ പേര് രേഖപ്പടുത്തിയിരുന്നതാണെന്നും ചെറിയ റോഡുകൾക്ക് കൃത്യമായ പേരുകൾ ലഭ്യമായിരുന്നില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്രവേശനം പ്രധാന റോഡിൽ നിന്നുമല്ലായെന്നും ഫയൽ പ്രകാരം നികുതി നിർണ്ണയം കൃത്യമാണെന്നും കണ്ടു.

എന്നാൽ അഞ്ചു മീറ്ററിൽ അധികം വീതിയുണ്ടെന്ന് കാണിച്ചിട്ടുള്ള പ്രധാന റോഡിൽ നിന്നും പ്രവേശനം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന് അടിസ്ഥാന നികുതിയിൽ 20% വർദ്ധന വരുത്താതിരിക്കുന്നത് സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റായുടെ കൃത്യതയെയും വിശ്വാസ്യതയേയും ബാധിക്കുന്നു.

തൻവർഷ നികുതി നിർണ്ണയത്തിൽ, അഞ്ചു മീറ്ററിൽ അധികം വീതിയുണ്ടെന്ന് കാണിച്ചിട്ടുള്ള പ്രധാന റോഡിൽ നിന്നും പ്രവേശനം രേഖപ്പെടുത്തിയിട്ടുള്ളതും നികുതി വർദ്ധനവ് വരുത്തിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് ശ്രീ /ശ്രീമതി | റോഡ് | തരം |
|---|---|---|---|---|
| 1 | 9/137(1) | തങ്കമണിയമ്മ | കൊട്ടാരക്കര-ഓയൂർ റോഡ് | വാണിജ്യകെട്ടിടം |
| 2 | 25/193(1) | ബാബുക്കുട്ടിജോർജ്ജ് | ഓയൂർ റോഡ് | പാർപ്പിടാവശ്യം |
| 3 | 5/245(1) | രാമചന്ദ്രൻനായർ, ഗേളി | എം.സി.റോഡ് | പാർപ്പിടാവശ്യം |
| 4 | 13/107(1) | ജെറിൻ ജോൺസൺ | ഓയൂർ റോഡ് | പാർപ്പിടാവശ്യം |
| 5 | 13/28(1) | കുഞ്ഞമ്മ ബേബി | കൊട്ടാരക്കര തൃക്കണ്ണമംഗൽ റോഡ് | പാർപ്പിടാവശ്യം |
| 6 | 13/363(1) | രമണി.വി | ഓയൂർ റോഡ് | പാർപ്പിടാവശ്യം |
| 7 | 6/64 | ഷാജിമോൻ.ബി | കോട്ടപ്പുറം റോഡ് | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | ബിജി ഷാജി | | |
| 8 | 9/157(1) | ഹരികൃഷ്ണൻ എം.ജെ | ഡോക്യേഴ്സ് ലൈൻ | പാർപ്പിടാവശ്യം |
| 9 | 9/176(8) | ശ്രീലത.ആർ | ” | പാർപ്പിടാവശ്യം |
| 10 | 8/117(1) | അലക്സാണ്ടർ പി.ജെ | എം.സി.റോഡ് | പാർപ്പിടാവശ്യം |

നഗരസഭാ പ്രദേശത്തെ റോഡുകളെ വസ്തുനികുതി നിർണ്ണയാവശ്യത്തിനായി ആവശ്യമെങ്കിൽ പുതുതായി നോട്ടിഫൈ ചെയ്യേണ്ടുന്നതും എല്ലാ റോഡുകൾക്കും കൃത്യമായി പേരും തരവും നല്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് റോഡുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തി നികുതി നിർണ്ണയ നിരക്കുകൾ എന്റർ ചെയ്തിട്ടുള്ള ഡാറ്റായ്ക്കനുസൃതമായി ഏകീകരിക്കേണ്ടതാണ്. രേഖപ്പെടുത്തലിലെ അപാകതകൾ ഫയലുകൾ പരിശോധിച്ചും ആവശ്യമെങ്കിൽ സ്ഥല പരിശോധന നടത്തിയും പരിഹരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-37 വസ്തുനികുതി ഇനത്തിലെ കുടിശിക പിരിച്ചെടുത്തിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി, സേവന ഉപനികുതി ഇനത്തിൽ വലിയ കുടിശിക തുക പിരിച്ചെടുക്കാനായി നിലനില്ക്കുന്നു. കുടിശിക തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തെ കുടിശിക | 31.03.21 വരെയുള്ള കുടിശിക | 31.03.22 വരെയുള്ള ആകെ കുടിശിക |
|---|---|---|---|
| വസ്തുനികുതി | ₹67,29,581/- | ₹2,16,00,970/- | ₹2,83,30,551/- |
| സേവനനികുതി | ₹5,52,525/- | ₹32,58,987/- | ₹38,11,512/- |

ഇത്തരത്തിൽ വലിയ തുക കുടിശികയായ സാഹചര്യം വിശദീകരിക്കുന്നതിനും കുടിശിക പിരിവിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.25/02.03.23 ) നുള്ള മറുപടിയിൽ, നഗരസഭയിൽ നികുതി പിരിവിനായി ബിൽ കളക്ടർമാർ ഇല്ലാത്തതിനാലാണ് നികുതി കുടിശിക ഉണ്ടായിട്ടുള്ളതെന്നും നിലവിൽ ഹരിത കർമ്മസേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി ഡിമാന്റ് നോട്ടീസ് എല്ലാ വീടുകളിലും എത്തിച്ചുവരുന്നതായും കൂടുതൽ കുടിശികയുള്ളവർക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കുടിശിക വിവരം രേഖപ്പെടുത്തിയ സഞ്ചയ സ്റ്റേറ്റ്മെന്റ് റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ തിരിച്ച് വാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലേയും സഞ്ചയ സോഫ്റ്റ് വെയറിലേയും കുടിശിക വിവരങ്ങൾ പൊരുത്തപ്പെടുന്നുണ്ടോയെന്നും ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വസ്തുനികുതി ഇനത്തിലെ വൻകുടിശിക നഗരസഭയുടെ സാമ്പത്തിക ഭദ്രതയെത്തന്നെ ബാധിക്കുന്നതാകയാൽ കുടിശിക തുകകൾ പിരിച്ചെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്ഥിരം സമിതിയുടേയും ഭരണസമിതിയുടേയും സവിശേഷ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-38 മാർക്കറ്റ് സ്റ്റാളിന്റെ വാർഷിക വാടക ഈടാക്കേണ്ടതാണ്

നഗരസഭ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ സ്റ്റാൾ മുൻവർഷക്കാർക്ക് തുടർച്ച അനുവദിച്ചതിൽ താഴെപറയുന്ന സ്റ്റാളിന്റെ വാർഷികവാടക ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

| ഓപ്പൺസ്റ്റാൾ നം. | ലേലം ഏറ്റയാളുടെ പേര് | ഒടുക്കേണ്ട തുക (₹) |
|---|---|---|
| 45 | ശ്രീമതി സീന, കണ്ണൻകോടൻവിള | 2,326/- |

സ്റ്റാളുകൾ ലേലം ചെയ്തു കൈമാറിയ തീയതി, വാടക/കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, വാടകകരാർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24 / 02.03.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ബന്ധപ്പെട്ട രേഖകളോ തുക ഈടാക്കിയതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക വാടക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമാനുസൃത നടപടികൾ സ്വീകരിച്ച് തുക ഈടാക്കാത്തപക്ഷം മുനിസിപ്പൽ

ഫണ്ടിനുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-39 മരത്തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പരിസരത്ത് അപകടകരമായി നിന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 30,000/-രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.302720 /15.11.21, ഫയൽ നം. 41-6109 /20). ഈ മരത്തടികൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 15/21-22 – 27.02.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുറിച്ചുമാറ്റിയ മരത്തിന്റെ അളവ്, ഇനം എന്നിവ അറിയാൻ കഴിയുന്നില്ല. വനം വന്യജീവി വകുപ്പിൽ നിന്നും വാല്യുവേഷൻ സ്വീകരിച്ച് ലേല നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം പരസ്യ നികുതി ഇനത്തിൽ ₹5,400/- വരുമാനം രേഖപ്പെടുത്തിയിരിക്കുന്നു. പരസ്യ നികുതി ഇനത്തിൽ നഗരസഭകൾക്ക് തുകകൾ പിരിച്ചെടുക്കുന്നതിന് അനുവാദമില്ലായെന്നിരിക്കെ ഇത്തരത്തിൽ തുകകൾ ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.19/21-22 01.03.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറിയുടെ അനുവാദം വേണമെന്നതിനാൽ അപേക്ഷാ ഫീസ് ഇനത്തിലാണോ തുക ഈടാക്കിയിട്ടുള്ളതെന്നും വ്യക്തമല്ല.

പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം നല്കുമ്പോൾ ബോർഡ് സ്ഥാപിക്കുന്നതിനുള്ള പ്ലാൻ, പൊളിച്ചുമാറ്റുന്നതിനുള്ള സമ്മത പത്രം, സ്വകാര്യഭൂമി ഉടമസ്ഥന്റെ സമ്മതപത്രം, സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സാക്ഷ്യപത്രം എന്നിവ പരിശോധിച്ച് 1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം പരസ്യബോർഡ് സ്ഥാപിക്കൽ ചട്ടം.6 പ്രകാരം കൗൺസിൽ അംഗീകരിച്ച അപേക്ഷാ ഫീസ് ഈടാക്കി സെക്രട്ടറി അനുവാദം നല്കേണ്ടതും ചട്ടം 4(3) (എ) പ്രകാരം നിശ്ചിത തുക ഡെപ്പോസിറ്റായി സ്വീകരിക്കേണ്ടതുമാണ്.

ഇത്തരത്തിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫീസ്, ഡെപ്പോസിറ്റ് വിവരങ്ങളും ബന്ധപ്പെട്ട ഹെഡിലെ വരവ് വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-41 സ്റ്റേഡിയം വാടകയ്ക്ക് നല്കൽ - രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം സ്റ്റേഡിയം വാടക ഇനത്തിൽ തൻവർഷം ₹19,500/- ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ തുക ഡിമാന്റ് ചെയ്ത് നിയമാനുസൃതം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രൗണ്ട് വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച ബൈലോ / നഗരസഭ നിശ്ചയിച്ച നിബന്ധനകൾ, നിശ്ചിത ഫീസ്, ഡെപ്പോസിറ്റ് വിവരങ്ങൾ എന്നിവ ഡിമാന്റ്, കളക്ഷൻ വിശദാംശങ്ങൾ ഉൾപ്പടെയുള്ള രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് നം.19/21-22 , 01.03.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതുമൂലം വരവ് തുകയുടെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

പ്രസ്തുത ബൈലോ / നഗരസഭ നിശ്ചയിച്ച നിബന്ധനകൾ, നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുകൾ കളക്ഷൻ വിശദാംശങ്ങൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-42 സ്വകാര്യ വ്യക്തിയുടെ പറമ്പിൽ അയൽപക്കത്തേക്ക് ചാഞ്ഞ് അപകടകരമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റിയതിന് ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല

സ്വകാര്യ വ്യക്തിയുടെ പറമ്പിൽ അയൽപക്കത്തേക്ക് ചാഞ്ഞ് അപകടകരമായി നിന്നിരുന്ന മരങ്ങൾ അയൽക്കാരന്റെ പരാതിയെതുടർന്ന് മുറിച്ചുമാറ്റിയതിന് മുനിസിപ്പൽ ഫണ്ടിൽനിന്നും ₹6,500/- (ചെക്ക് നം.302519 / 17.09.21 /ഫയൽ നം.-41-15331) ചെലവഴിച്ചിട്ടുണ്ട് (മുനിസിപ്പാലിറ്റി നിയമം വകുപ്പ് 428, 429). എന്നാൽ ആയതിലേക്ക് ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല (വകുപ്പ് 430

കാണുക). ഈ ചെലവ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 /21-22 -27.02.23 പ്രകാരം ആവശ്യപ്പെട്ടതിന് തുക ഒടുക്കുന്നതിന് നിർദ്ദേശിച്ച് നോട്ടീസ് നല്കിയിട്ടുണ്ടെന്നും റവന്യൂ റിക്കവറി നടത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-43 മുനിസിപ്പൽ ഫണ്ടിൽ നിന്നും അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

മുനിസിപ്പൽ ഫണ്ടിൽ നിന്നും അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(I) ജനകീയാസൂത്രണം രജതജൂബിലി ആഘോഷം എന്ന ഇനത്തിൽ മുൻസിപ്പൽഫണ്ടിൽ നിന്നും ₹50,220/-രൂപ ഋഗിൾ ഗ്രാഫിക്സ്, കൊട്ടാരക്കര എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട് (ചെക്ക് നം. 302525/23.09.21) (ഫയൽ നം.G.4.8769/2, വൗച്ചർ നം. 454, 455). ഈ തുക ക്രമീകരിച്ചതിന്റെ വിവരം ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 /21-22 -27.02.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

(Ii) കംപ്യൂട്ടർ റിപ്പയറിനായി ക്ലാർക്ക് ആയ ശ്രീമതി ദിവ്യാകുമാരി പേർക്ക് ₹6000/- അഡ്വാൻസായി അനുവദിച്ചിരുന്നു (ചെക്ക് നം.303192 /22.03.22, G 5 -1602 /22). ബന്ധപ്പെട്ട ചെലവ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 /21-22 -27.02.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ₹56,220/- ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂറുകൾ നിയമാനുസൃതം ക്രമീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – ₹56,220/-
ഓഡിറ്റ് എൻക്വയറി നം. – 15 / 27.02.23

## 1-44 കോടതി കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കോടതികേസുകൾ സംബന്ധിച്ച ചെലവുകൾക്കായി അഡ്വ. ചന്ദ്രമോഹൻദാസിന് ₹90,000/- (ചെക്ക് നം.303026 /07.01.22 ഫയൽ നം. G 4-9092) അനുവദിച്ചിട്ടുണ്ട്. കേസ് നടത്തിപ്പിന്റെ വിശദാംശങ്ങൾ, സ്യൂട്ട് രജിസ്റ്റർ ബന്ധപ്പെട്ട ഫയൽ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 /21-22 -27.02.23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിലുള്ള ₹90,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം – ₹90,000/-
ഓഡിറ്റ് എൻക്വയറി നം. – 15 / 27.02.23

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കിളച്ചെടുത്ത മണ്ണിന്റെ അളവു കുറവു ചെയ്തില്ല-അധിക ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്ട് നം. 146/22
വയണംകുളം സെന്റ് മേരീസ് റോഡ് സൈഡ് കെട്ട് റോഡ് ഫോർമേഷൻ

തനതു ഫണ്ട് - 500000/-രൂപ
ചെലവ് - 265095/-രൂപ ചെക്ക് നം.32108/23-2-23
അളവ് പുസ്തകം-168/19-20
കരാറുകാരൻ-ഗണേശൻ

ഈ പ്രവൃത്തിയുടെ ഇനം നം. 1-ൽ 21.65 $M^3$ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഇനം 3 ൽ 73.28 $M^3$ ഫിൽ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 10.82 $M^3$ മണ്ണ് കുറവു ചെയ്ത 62.46 $M^3$ മണ്ണിന്റെ വിലയായി 334.76 രൂപ നിരക്കിൽ 20904.23 രൂപ നൽകിയിട്ടുണ്ട് (നൽകാവുന്ന തുക 20909.1രൂപ). എന്നാൽ നൽകേണ്ട വില ചുവടെ ചേർക്കുന്നു. (കിളച്ചെടുത്ത മണ്ണ് ഈ പ്രവൃത്തിയിൽ ഫില്ലിംഗിനായി ഉപയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല)

| | |
|---|---|
| ഫിൽ ചെയ്ത അളവ് - | 73.28 $M^3$ |
| കിളച്ചെടുത്ത മണ്ണ് | (-)21.65$m^3$ |
| ബാലൻസ് ഫിൽ ചെയ്ത അളവ് | 51.63 |
| കൺസോളിഡേഷൻ (10%)<br>CPWD Specification 2019 Para 2.11.5 | 5.63 |
| തുക നൽകാവുന്ന അളവ് | 46$m^3$ |

46 $M^3$ ന @ 334.76 നിരക്കിൽ നൽകാവുന്ന തുക = 15399/-രൂപ
അധികം നൽകിയത് 5505/-രൂപ. അധിക തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
നിരാകരണം - 5505/-രൂപ
ആഡിറ്റ് എൻക്വയറി നം. 3/28-2-23

## 3-2 കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ പിഴ ഇനത്തിൽ ചെലവഴിച്ച തുക നിരാകരിക്കുന്നു.

പ്രോജക്റ്റ്നം – 216/22
അടങ്കൽതുക - 4351728/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ് – 4351728/-രൂപ

2021-22 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ) നിർവ്വഹണം നടത്തിയ പദ്ധതിയാണ് താലൂക്ക് ഹോസ്പിറ്റലിന്റെ കണ്ടിജന്റ് ചെലവുകൾ.ടി പദ്ധതി ഭാഗമായിട്ടുള്ള കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഇനത്തിൽ എല്ലാ മാസങ്ങളിലും ഫൈൻ ഉൾപ്പടെയാണ് തുക ഒടുക്ക് വരുത്തുന്നത്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കറണ്ട് ചാർജ്ജ് (കൺസ്യൂമർനം -1345870024863)

| കാലയളവ് | കറണ്ട് ചാർജ്ജ് (രൂപ) | ഫൈൻ (രൂപ) | ഒടുക്കിയതുക (രൂപ) | ബിൽ നം /തിയതി |
|---|---|---|---|---|
| 1/21 | 271901/- | 865/- | 272766/- | 3/6.11.21 |
| 2/21 | 273743/- | 876/- | 274619/- | 3/6.11.21 |
| 3/21 | 250538/- | 785/- | 251323/- | 3/6.11.21 |
| 4/21 | 309895/- | 1025/- | 310920/- | 3/6.11.21 |
| 5/21 | 296184/- | 973/- | 297157/- | 3/6.11.21 |
| 6/21 | 277888/- | 897/- | 278785/- | 3/6.11.21 |
| 7/21 | 266172/- | 953/- | 267125/- | 3/6.11.21 |
| 8/21 | 302989/- | 996/- | 303985 | 7/30.3.22 |
| 9/21 | 293157/- | 950/- | 294107/- | 7/30.3.22 |
| 10/21 | 341459/- | 1019/- | 342478/- | 7/30.3.22 |
| 11/21 | 315266/- | 1030/- | 316296/- | 7/30.3.22 |

| | | | | |
|---|---|---|---|---|
| 12/21 | 433096/- | 1048/- | 434144/- | 7/30.3.22 |
| | | 11417/- | | |

2) വെള്ളക്കരം

2021-22 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കൺസ്യൂമർ ഐ.ഡി. | ദ്വൈമാസ വാട്ടർ ചാർജ്ജ് (₹) | അഡിഷണൽ ചാർജ്ജ് (₹) | പിഴ (₹) | ഒടുക്കിയ തുക (₹) | ബിൽനം/ തിയതി |
|---|---|---|---|---|---|
| 2241100019 | 78057/- | 191276/- | 14846/- | 284179 | 3/6.11.21 |
| 2241100435 | 3122/- | 3401/- | 422/- | 6945 | 3/6.11.21 |
| 2241100795 | 57141/- | 170558/- | 14200/- | 241899 | 3/6.11.21 |
| 2241100019 | 20019 | 78065 | 2082 | 94300/- | 106166/-രൂപയ്ക്ക് ഫണ്ടിന്റ അപര്യാപ്തത മൂലം 94300/- രൂപ ഒടുക്കിയിട്ടുള്ളു. 4/15.11.21 |
| 2241100435 | 1298/- | 1630/- | 52 | 2980 | 4/15.11.21 |
| 2241100795 | 19047/- | 57149/- | 1524/- | 77720 | 4/15.11.21 |
| | | ആകെ- | 33126/- | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ ഫൈൻ ഇനത്തിൽ ഒടുക്കേണ്ടി വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി പിഴതുകയിനത്തിലുള്ള ചെലവ് 44543/-(11417+33126) രൂപ നിരാകരിക്കുന്നു.

എൻക്വയറി നം .8/28.2.23
നിരാകരണം – 44543/-രൂപ

## 3-3 പി.എം.എ.വൈ ലൈഫ് പദ്ധതി തുക അധികം നല്കി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് (പ്രോ നം 5/22)പദ്ധതിക്കായി തുക അനുവദിച്ചത് സംബന്ധിച്ച ബില്ലുകളുടെ പരിശോധനയിൽ ശാന്തമ്മ, സതീഷ് ഭവൻ, വാർഡ് 20 എന്ന വ്യക്തിയുടെ ഭവന നിർമ്മാണത്തിന് 400000/- രൂപ നല്കേണ്ടതിന് പകരം 5 തവണകളിലായി 520000/- രൂപ നല്കിയതായി ബോധ്യപ്പെട്ടു. ആനുകൂല്യ വിതരണ രജിസ്റ്ററിൽ 40000/-രൂപ, 160000/-രൂപ, 80000/-രൂപ എന്നീ മൂന്ന് ഗഡുക്കളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ( 5-ാം ഗഡു നല്കിയത് 2022-23ൽ) വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽനം/ചെക്ക് നം ,തീയതി | നല്കിയ തുക (₹) | അധികം (₹) |
|---|---|---|
| 44/18-9-21 ആകെ ബിൽ തുക 120000/-രൂപ വികസനഫണ്ട് ജനറൽ | 40000/- | |
| 71/27-10-21 ബിൽ തുക 320000/-രൂപ വികസനഫണ്ട് ജനറൽ | 160000/- | |
| 132/30-12-21 ബിൽ തുക 640000/-രൂപ വികസനഫണ്ട് ജനറൽ | 160000/- | |
| ചെക്ക് നം 5569/21-2-22 തുക 720000/-രൂപ ലോൺ തുക | 80000/- | |
| പി.എഫ്.എം.എസ്. ബിൽ നം. 61/22-23 തീയതി 26-4-22 തുക 720000/-രൂപ ലോൺ തുക | 80000/- | |
| ആകെ | 520000/- | 120000/- |

അധികമായി നല്കിയ 120000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പദ്ധതി നിർവ്വഹണ അധികാരിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. തുകകൾ അനുവദിക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന പരിശോധനകൾ പോലും നടത്താത്തതാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതിനു കാരണം. രജിസ്റ്റർ പോലും പൂർണ്ണമാക്കി ഒപ്പുവച്ചിട്ടില്ല. ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ച അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 26/3-3-23,

നിരാകരിക്കുന്ന തുക - 120000/-രൂപ

## 3-4 ഹരിത കർമ്മസേനക്ക് യൂണിഫോം- പ്രോജക്റ്റിൽ നിർണ്ണയിച്ച എണ്ണത്തിലും അധികമായി വാങ്ങി വിതരണം ചെയ്തു.

പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ (പ്രോ.നം. 52/22) ഹരിത കർമ്മസേനക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി വഴി 44 ഹരിതകർമ്മസേനാംഗങ്ങൾക്ക് 3 യൂണിഫോം വീതം 132 എണ്ണത്തിനു (@825/-) 108900/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് എ.സി.ആർ. ബിൽ നം 250/15-3-22) ചെലവഴിച്ച് വാങ്ങി നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ വിശദാംശം ചുവടെ ചേർക്കുന്നു.

മുനിസിപ്പാലിറ്റിയിൽ നിന്നും 2018-19 കാലയളവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഒരു ജോഡി യൂണിഫോം വീതം വാങ്ങി നല്കിയിരുന്നു.

കോവിഡ് കാലത്ത് ഹരിത കർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം മുടങ്ങാതിരിക്കുന്നതിനായി ഹരിത കർമ്മസേനക്ക് നിലവിലുള്ള ഒരു ജോടി യൂണിഫോമിന് പുറമേ രണ്ട് ജോഡി യൂണിഫോം കൂടി നല്കണമെന്ന കൊല്ലം ജില്ലാകളക്ടറുടെ 5-5-21ലെ H/KM/H.S.S/5/18 കത്തിലെ നിർദ്ദേശത്തെ തുടർന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8-5-21ലെ 101/ഡി.സി1/2021ാം നം. സർക്കുലറിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് 3 ജോഡി യൂണിഫോം ഉറപ്പു വരുത്തണമെന്ന നിർദ്ദേശത്തെ തുടർന്നും 2 ജോഡി യൂണിഫോം കൂടി വാങ്ങി നല്കുന്നതിന് വേണ്ടി ആയിരുന്നു പദ്ധതി ആവിഷ്കരിച്ച് അംഗീകാരം നേടിയിരുന്നത്. എന്നാൽ അംഗീകരിച്ച പദ്ധതിയിൽ നിന്നും അധികമായി 1 ജോഡി യൂണിഫോം അധികം വാങ്ങി നല്കിയിരിക്കുകയാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ആയി നിലവിലുള്ള യൂണിഫോം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് 3 യൂണിഫോം വീതം വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ വിവരം നോട്ട് ഫയലിൽ രേഖപ്പെടുത്തുകയോ പ്രോജക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം നേടുകയോ ചെയ്തിട്ടില്ലാത്തതിനാലും സർക്കാർ അനുമതിയിലും അധികമായി 44 യൂണിഫോം വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 36300/- (44*825) രൂപ നിരാകരിക്കുന്നു. അനുമതിയില്ലാതെ അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 16/28-2-23

നിരാകരിക്കുന്ന തുക – 36,300/-രൂപ

## 3-5 നഗരസഭ എൻജിനീയർക്ക് വാങ്ങിയ വാഹനം - അനധികൃത സംസ്ഥാനാനന്തര യാത്ര നടത്തി അപകടത്തിൽപ്പെട്ടു

നിയമാനുസൃത നടപടികൾ എടുക്കാത്തതിനാൽ ഇൻഷ്വറൻസ് നിഷേധിക്കപ്പെട്ടു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 123/22 നഗരസഭ അസി. എൻജിനീയർക്ക് വാഹനം വാങ്ങൽ |
| അടങ്കൽ തുക | 909443/-രൂപ തനത് ഫണ്ട് |
| ആകെ ചെലവഴിച്ച തുക | 909443/-രൂപ, ചെക്ക് നം 302691/28-10-21,<br>(റോഡ് ടാക്സ്, ഇൻഷ്വറൻസ് & അഡീഷണൽ ഫിറ്റിംഗ്സ് 225000/-രൂപ<br>(ചെക്ക് നം302702/3-11-21))<br>തുക 150000/-രൂപ (ചെക്ക് നം 302706/5-11-21)<br>തുക 75000/-രൂപ (വൗച്ചർ മുഖേനയുള്ള ചെലവ്)<br>ആകെ – 1359443/-രൂപ |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിനുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാങ്ങി നൽകി. ആകെ 1359443/-രൂപ (റോഡ് ടാക്സ്, ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ) ചെലവഴിച്ച് വാഹനം വാങ്ങുകയും നഗരസഭാ അസി. എഞ്ചിനീയർക്ക് രേഖാമൂലം കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ടി വാഹനം നഗരസഭയിൽ ലഭിച്ചത് മുതൽ നഗരസഭാ ചെയർമാൻ അദ്ദേഹത്തിന് പ്രത്യേക വാഹനം ഉണ്ടായിരിക്കെ പുതിയ വാഹനം നിരന്തരം ഉപയോഗിച്ച് വരുകയും സർക്കാർ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്തേക്ക് യാത്ര ചെയ്യുകയും, സംസ്ഥാനത്തിന് പുറത്ത് വച്ച് വാഹനം അപകടത്തിൽപ്പെടുകയും ചെയ്തു. വാഹനം ഇൻഷ്വർ ചെയ്ത കമ്പനിയായ റോയൽ സുന്ദരം ഫിനാൻസ് ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ചിട്ടുള്ളതായും ഓഡിറ്റിന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിലേക്ക് നയിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങളും ചട്ടലംഘനങ്ങളും ഒപ്പം നടപടി നിർദ്ദേശങ്ങളുമാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നഗരസഭ എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് മുൻസിപ്പൽ വാഹനം വിട്ടു കിട്ടാത്ത സാഹചര്യമുള്ളതിനാൽ ഒരു വാഹനം വാടകയ്ക്ക് എടുത്ത് നൽകണമെന്ന അസിസ്റ്റന്റ് എൻജിനീയറുടെ 12.10.18 ലെഅപേക്ഷയെ തുടർന്നും 14.3.18 ലെ ജി.ഒ(ആർ.ടി.)നം 690/18 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരവും പുതിയവാഹനം വാങ്ങുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും 2019-20ൽ നഗരസഭാ എൻജിനീയർക്ക് വാഹനം വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ച് (തനത് ഫണ്ട്) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തു. ടി പദ്ധതി സ്പിൽഓവറാക്കി 2021 -22ൽ നടപ്പാക്കി. GEM ൽ നിന്നും Creta 1.5 Mpi Mt KL24V1173 എന്ന വാഹനം 909443/- രൂപയ്ക്ക് വാങ്ങുകയും 225000/- രൂപ ചെലവഴിച്ച ഇൻഷ്വറൻസ്, റോഡ് ടാക്സ് എന്നിവ എടുക്കുകയും ടി ഡോക്യുമെന്റ്സ് സഹിതം വാഹനം നഗരസഭാ അസി.എഞ്ചിനീയർക്ക് കൈമാറുന്നതിന് 23-11-21ൽ സെക്രട്ടറി നിർദേശിക്കുകയും 29- 11- 21ൽ അസി. എഞ്ചിനീയർ വാഹനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 18- 11- 21 മുതൽ മുൻസിപ്പൽ ചെയർമാൻ തുടർച്ചയായി വാഹനം ഉപയോഗിച്ചുവരുന്നതായും എഞ്ചിനീയറിംഗ് വിഭാഗം ഒരു ദിവസം പോലും വാഹനം ഉപയോഗിച്ചിട്ടില്ലെന്നും ഈ വാഹനം 30-5-22 ൽ സംസ്ഥാനത്തിന് പുറത്തുവച്ച് അപകടത്തിൽപ്പെട്ട് നിലവിൽ ഉപയോഗക്ഷമമല്ല (Total Loss) എന്നും ഇൻഷ്വറൻസ് കമ്പനി വാഹനത്തിന്റെ പേരിലുള്ള മുൻസിപ്പൽ സെക്രട്ടറിയുടെ ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ച എന്നും ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. വാഹനം അപടത്തിൽപ്പെട്ടതും ഇൻഷ്വറൻസ് കമ്പനി ക്ലെയിം നിഷേധിച്ചതും സംബന്ധിച്ച ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) 2016- 17 ലെ നഗരസഭ ചെയർമാന് വാഹനം വാങ്ങൽ എന്ന പദ്ധതി വഴി നഗരസഭ ചെയർമാന് മഹേന്ദ്ര സൈലോ എന്ന വാഹനം (KL24M 2485, 17-9-16 രജിസ്ട്രേഷൻ) വാങ്ങുകയും നിലവിൽ ആ വാഹനം ഉപയോഗിച്ചുവരികയുമാണ്. എൻജിനീയറിംഗ് വിഭാഗത്തിനുവേണ്ടി സർക്കാർ നിർദേശപ്രകാരം വാങ്ങിയ വാഹനം ചെയർമാൻ തുടർച്ചയായി ഉപയോഗിച്ച സാഹചര്യം, ചെയർമാന് ഈ വാഹനം കൈമാറുന്നതിനുള്ള കമ്മിറ്റി തീരുമാനം ഇതു സംബന്ധമായി സെക്രട്ടറിയുടെ ഉത്തരവ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) ലോഗ് ബുക്കിൽ (പേജ് 102) 29-5-22 ൽ ചെങ്കോട്ട കേരള ഹൗസിലേക്ക് ഔദ്യോഗിക ആവശ്യത്തിനായി ചെയർമാൻ യാത്ര ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 30-5-22 ൽ വാഹനം ചെങ്കോട്ട കേരള ഹൗസിൽ നിന്നും തിരികെ വരുമ്പോൾ രാത്രി 9.30ന് അപകടത്തിൽപ്പെട്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഔദ്യോഗിക യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും രേഖാമൂലം ലഭ്യമാക്കിയിട്ടില്ല. സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. എന്നാൽ വാഹനാപകടം സംബന്ധിച്ച് നഗരസഭാ ചെയർമാൻ സെക്രട്ടറിക്ക് 31-5-22 ൽ നല്കിയ കത്തിൽ സ്വകാര്യആവശ്യത്തിന് വേണ്ടി പോയതാണെന്നും വാഹനം സംസ്ഥാനാതിർത്തിക്ക് പുറത്ത് ഉപയോഗിക്കുമ്പോൾ അനുമതി വാങ്ങണമെന്ന് അറിയില്ലായിരുന്നു എന്നും സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായി കാണുന്നു (പ്രസ്തുത കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് തെളിവായി ശേഖരിച്ചിട്ടുണ്ട്). ചെയർമാൻ സ്വകാര്യആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിച്ചതും അപകടത്തിൽപ്പെട്ടതും സംബന്ധിച്ച് രണ്ട് കൗൺസിലർമാർ സെക്രട്ടറിക്ക് രേഖാമൂലം പരാതി നല്കകിയിരുന്നതായി കാണുന്നുവെങ്കിലും ടി വിഷയം കൗൺസിലിൽ ചർച്ച ചെയ്തതിന്റെ മിനിട്ട്സ് ഹാജരാക്കിയിട്ടില്ല.

2000 ലെ കേരള മുൻസിപ്പാലിറ്റി (മോട്ടോർ വാഹന ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 5-1 ൽ മുനിസിപ്പാലിറ്റിയുടെ വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും കസ്റ്റോഡിയൻ ഓഫീസറുടെ അനുമതിയില്ലാതെ ഔദ്യോഗിക അവശ്യർത്ഥം ആണെങ്കിൽ പോലും മുനിസിപ്പാലിറ്റിയുടെ അധികാരപരിധിക്ക് പുറത്തു പോകരുതെന്നും ചട്ടം 5-3 ൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി എന്നിവർക്ക് അനുമതി ആവശ്യമില്ലെന്നും എന്നാൽ കൗൺസിലർമാർ മുൻസിപ്പാലിറ്റി അധികാരപരിധിക്കുള്ളിൽ മാത്രമേ വാഹനം ഉപയോഗിക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-6-12ലെ 24935/ഇ.എം 1/2012 നമ്പർ സർക്കുലറിൽ സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന യാത്രകൾ സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന അറിയിപ്പിന്റെ /ക്ഷണക്കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടെ അല്ലാതെ ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ യാത്ര നടത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്)

3) നഗരസഭാ സെക്രട്ടറി 2-6-22ൽ നഗരകാര്യ ഡയറക്ടർക്ക് അയച്ച ഇ1/18206/22ാം നം കത്തിൽ നഗരസഭാ ചെയർമാൻ സംസ്ഥാന അതിർത്തി കടന്ന് ഔദ്യാഗിക വാഹനം ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി വാങ്ങിയിരുന്നില്ലെന്നും ദിവസവേതനാടിസ്ഥാനജീവനക്കാരനായ വാഹനഡ്രൈവർ വാഹനം സംസ്ഥാനാതിർത്തി കടന്ന് യാത്ര ചെയ്യുന്നവിവരം നഗരസഭയിൽ അറിയിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ ഈ കത്തും, വാഹനാപകടം സംബന്ധിച്ച് നഗരസഭാ ചെയർമാൻ സെക്രട്ടറിക്ക് 31-5-22 ൽ നല്കിയ കത്തും വ്യക്തമാക്കുന്നത് അനുമതിയില്ലാതെയാണ് യാത്ര നടത്തിയതെന്നും തെറ്റായ വിവരങ്ങളാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നുമാണ്.

4) വാഹനാപകടത്തിന്റെ FIR, GD എൻട്രി, മോട്ടോർ ഒക്വറൻസ് കേസ് എന്നിവയുടെ പകർപ്പ്, വാഹനത്തിന്റെ ആർ.സി.ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

റീജൻമാത്യു എന്ന വ്യക്തി തന്റെ KL-05-AU-2782 എന്ന വാഹനം എതിരെ വന്ന KL-24-V-1173 എന്ന വാഹനവുമായി കൂട്ടിയിടിച്ചതായും ആർക്കും പരിക്കേൽക്കാത്തതിനാൽ നടപടി ആവശ്യമില്ലെന്നും തമിഴ്നാട് സംസ്ഥാനത്തിലെ പുളിയറ പോലീസ് സ്റ്റേഷനിൽ അറിയിച്ചതിന്റെ പെറ്റീഷൻ രസീത് മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്.

5) നഗരസഭയിൽ നിന്നും സെക്രട്ടറി ഇൻഷ്വറൻസ് ക്ലെയിം ആവശ്യപ്പെട്ടു കൊണ്ട് 15-6-22 ൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിന്, മറുപടിയായി MVI റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാഹനാപകട സമയത്ത് വാഹനം ഓടിച്ച ആളെ സംബന്ധിച്ച വിവരവും അപകടസമയത്ത് ആരൊക്കെ വാഹനത്തിൽ യാത്ര ചെയ്തു എന്ന MVI റിപ്പോർട്ടും വാഹനം അപകടസ്ഥലത്ത് നിന്നും മാറ്റിയതിന്റെ ടോയിങ് ബില്ലും ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഇൻഷ്വറൻസ് കമ്പനി 21-6-22 ൽ തിരികെ സെക്രട്ടറിക്ക് മെയിൽ അയച്ചിട്ടുണ്ടെങ്കിലും ടി രേഖകൾ സമർപ്പിച്ചതായി രേഖകളില്ല. തുടർന്ന് ഇൻഷ്വറൻസ് കമ്പനി 24-6-22 ൽ 474000/- രൂപ സെറ്റിൽമെന്റ് ആയി നല്കാമെന്ന് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ തുടർന്ന് വാഹനത്തിന്റെ പേരിലുള്ള ഇൻഷ്വറൻസ് ക്ലെയിം (ക്ലെയിം നം. PV00906808) പൂർണ്ണമായും നിഷേധിച്ചുകൊണ്ട്

28-7-22 ൽ സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തു. ഫുൾ ഇൻഷ്വറൻസ് കവറേജ് ഉണ്ടായിട്ടും വാഹനം 'ടോട്ടൽ ലോസ്'' എന്നു ഇൻഷ്വറൻസ് കമ്പനി ആദ്യം രേഖപ്പെടുത്തിയിട്ടും ക്ലെയിം നിഷേധിക്കാനുള്ള കാരണം ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടില്ല. ഔദ്യോഗിക വാഹനം അപകടത്തിൽപ്പെട്ടത് സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ എന്ന നിലയിൽ സെക്രട്ടറി നിയമനടപടികൾ സ്വീകരിച്ചില്ല എന്നത് ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയാതിരുന്നതിന് കാരണമായി എന്നാണ് മനസ്സിലാക്കുന്നത്.

ഔദ്യോഗിക വാഹനത്തിൽ ചെയർമാൻ, ഡ്രൈവർ എന്നിവരെ കൂടാതെ മനോജ് പൊന്നച്ചൻ, ബാലകൃഷ്ണപിള്ള എന്നീ ചെയർമാന്റെ രണ്ട് സുഹൃത്തുക്കൾ കൂടി യാത്ര ചെയ്തതായി ഇൻഷ്വറൻസ് ക്ലെയിമിന് സമർപ്പിച്ച രേഖകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 24-2-2003 ലെ ജി.ഒ(എം.എസ്.)113/2003/Fin നം. ഉത്തരവിൽ ബന്ധുക്കളെയോ സുഹൃത്തുക്കളെയോ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യാനനുവദിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വ്യക്തികളുടെ വിവരവും ചെയർമാന്റെ ഔദ്യാഗിക യാത്രയിൽ ടി വ്യക്തികൾ പങ്കെടുക്കാനിടയായ സാഹചര്യവും വ്യക്തമല്ല.

നഗരസഭാ ചെയർമാൻ നഗരസഭയുടെ ഔദ്യോഗിക വാഹനം സർക്കാർ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്തു കൊണ്ടുപോകുകയും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന വേളയിൽ സംസ്ഥാനത്തിന് പുറത്തുവച്ച് വാഹനാപകടം സംഭവിക്കുകയുമാണ് ചെയ്തത്. അപകടം സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ട അടിസ്ഥാന രേഖകൾ പോലും നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ക്ലെയിം നിഷേധിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. രേഖകൾ ലഭ്യമാക്കി ഇൻഷ്വറൻസ് ക്ലെയിം നേടിയെടുക്കുന്നതിനുള്ള തുടർനടപടികളോ ഇൻഷ്വറൻസ് കമ്പനിക്കെതിരെ നിയമനടപടികളോ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഇത് കസ്റ്റോഡിയൻ ഓഫീസർ എന്ന നിലയിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഇൻഷ്വറൻസ് കമ്പനി ക്ലെയിം നിഷേധിച്ചതിനാൽ 'ടോട്ടൽ ലോസ്'' ആയി മാറിയ ടി വാഹനം വാങ്ങുന്നതിനുവേണ്ടി ചെലവഴിച്ചതുൾപ്പെടെ നഗരസഭയിൽ നിന്നും ചെലവഴിച്ച (1359443 – 225000 (റോഡ് ടാക്സ്, ഇൻഷ്വറൻസ്) കിഴിച്ച്) 1134443/-രൂപ നിരാകരിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഔദ്യാഗിക വാഹനം ദുരുപയോഗം ചെയ്യുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തവും ഓഡിറ്റിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്റെ ഉത്തരവാദികളും വാഹനം ദുരുപയോഗം ചെയ്യുന്ന വ്യക്തികൾക്കായിരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.2009 ലെ ജി.ഒ(എം.എസ്.)170/2009 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇൻഷ്വറൻസ് ക്ലെയിം നേടിയെടുക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടതുകയായ 1134443/-രൂപ വാഹനം ദുരുപയോഗം ചെയ്ത നഗരസഭാ ചെയർമാൻ, കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരണം – 1134443/-രൂപ

എൻക്വയറി നമ്പർ 27/3-3-22

## 3-6 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി.

2021-22 വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം നടത്തിയ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി . വിശദാംശങ്ങൾ ചുവടെ.

| | |
|---|---|
| പദ്ധതി | എസ്.35/21-22, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ | 1,48,800/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് )<br>82,000/-രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>3,69,000/- രൂപ (മറ്റുള്ളവ )<br>ആകെ 5,99,800/-രൂപ |
| ചെലവ്- | 1,15,322/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ് -21.03.22) |

സ.ഉ (സാധാ) നം. 1009/2020, 29.5.2020 പ്രകാരം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷിയ്ക്ക് ആകെ യൂണിറ്റ് ചെലവ് 1,23,000/- രൂപ വരെ അനുവദനീയമാണ് (അടിസ്ഥാന സൗകര്യ വികസനം - 74,000/- രൂപ,

പ്രവർത്തന ചെലവ്- 49,000/-രൂപ). പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് ആകെ യൂണിറ്റ് ചെലവിന്റെ 40% മാണ് സബ്സിഡി. ഇതിൽ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും സബ്സിഡിയിനത്തിൽ അധികമായി തുക നൽകിയിരിക്കുന്നു. ഗുണഭോക്താക്കൾ ഹാജരാക്കിയ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ് ആകെ യൂണിറ്റ് ചെലവ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ യൂണിറ്റ് ചെലവ് (₹) | നൽകാവുന്ന സബ്സിഡി (₹) | നൽകിയ സബ്സിഡി (₹) | അധികമായി നൽകിയത് (₹) |
|---|---|---|---|---|---|
| 1. | ശ്രീ.ജേക്കബ്.പി.വി | 89150/- | 23773/- | 32800/- | 9027/- |
| 2. | ശ്രീ.നെൽസൺ തോമസ് | 86757/- | 23135/- | 32122/- | 8987/- |
| 3. | ശ്രീ.അനീഷ്.ജെ.പി | 94364/- | 25164/- | 32800/- | 7636/- |
| 4. | ശ്രീ.റെജി ബേബി | 47564/- | 12684/- | 17600/- | 4916/- |
| | | | | ആകെ | 30566/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ സബ്സിഡി തുക 30566/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/ 27.02.2023

നിരാകരണം – 30,566/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 23.02.2023, 24.02.2023 | കെ.എസ്.എ.കെ.എൽ.എം.എം.എൽ/503/2023 തീയതി – 15.04.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 360400200850235/ 15.03.22 | 1408686/- | 1408686/- | |
| KGWD | ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 360400200850235/ 23.03.22 | 114000/- | 114000/- | |
| കെ.എസ്.ഇ.ബി | വിവിധ പട്ടികജാതി | 360400200850235/ | 307253/- | 307253/- | |

| | | | | | |
|---|---|---|---|---|---|
| | കോളനികളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ , ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 16.03.22 | | | |
| KWA | കടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 210402470003014/ 21.03.22 | 510600/- | 510600/- | |
| KWA | കടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- ബാക്കി തുക അടവാക്കൽ | 2104024700030134147/ 16.03.22 | 458000/- | 458000/- | |
| വാട്ടർ അതോറിറ്റി | ആല്ലംപാറതുമ്പേത്തും പാറ കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2104024700030149316/ 27.03.22 | 1000000/- | 1000000/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം മുൻസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം വരവില്ല. മുൻബാക്കി സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഈ വർഷം ചെലവായ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ / സുലേഖ സ്റ്റേറ്റ്മെന്റിൽ ലഭ്യമല്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-HUDCO Loan | GO(Rt)975/2019/LSGD 14.05.2019 | - | 4,39,33,333/- | 59,33,333 | | 38,00,000/- |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-1 | 2014-15 | 6-4 | വിളഒ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിളഒ യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2013-14 | 3-2, 3-3 | 2014-15 | 6-4 | വിളഒ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിളഒ യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2015-16 | 3-1 | 2016-17 | 3-1 | സർക്കാർ വ്യവസ്ഥകൾ പാലിക്കാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ | RR നടപടികൾക്കായി അയച്ചിരിക്കുന്നു. |
| | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2014-15 | 4.1.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രീയ ആസ്തികൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2014-15 | 4.1.4 | ഖരമാലിന്യം – ഉഗ്രൻ കുന്നിൽ സ്ഥാപിച്ചിരിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് – ഇൻസിനറേറ്റർ തകർന്ന് വീണ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2017-18 | 3-10 | 2019-20 | ഭാഗം 3-1 ഖണ്ഡിക നം. 1 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി – ചെയ്യാത്ത പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നൽകി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5505/- | ശ്രീ. സാം ജോഷ്വാ, നഗരസഭാ എഞ്ചിനീയർ |
| 3-2 | | 44,543/- | ഡോ.കെ.ആർ.സുനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊട്ടാരക്കര |
| 3-3 | | 1,20,000/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 3-4 | | 36,300/- | ശ്രീ. വിനോദ് എം. പി, പ്രോജക്ട് ഓഫീസർ |
| 3-5 | | 567221.5/- (Part Payment) | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| | | 567221.5/- (Part Payment) | ശ്രീ. ഷാജു, മുൻസിപ്പൽ ചെയർമാൻ |
| 3-6 | | 30566/- | ശ്രീമതി തസ്ലീം ബീഗം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | | 13,71,357/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 2,21,272/- | ഡോ. കെ. ആർ. സുനിൽകുമാർ, സൂപ്രണ്ട്,താലൂക്ക് ആശുപത്രി, കൊട്ടാരക്കര |
| 1-23 | 2,69,138/- | ശ്രീ. സാം ജോഷ്വാ, നഗരസഭാ എഞ്ചിനീയർ |
| 1-24 | 1,14,000/- | ശ്രീ. സാം ജോഷ്വാ,നഗരസഭാ എഞ്ചിനീയർ |
| 1-26 | 9,68,600/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-27 | 40,000/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-28 | 37,15,939/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-30 | 1,35,500/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-31 | 6,37,424/- | ശ്രീ.വിനോദ്.എം.പി, പ്രോജക്ട് ഓഫീസർ |
| 1-33 | 7,63,000/- | ശ്രീ. വിനോദ് എം. പി, പ്രോജക്ട് ഓഫീസർ |
| 1-34 | 97,500/- | ശ്രീ. വിനോദ് എം. പി, പ്രോജക്ട് ഓഫീസർ |
| 1-43 | 56,220/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-44 | 90,000/- | ശ്രീ. പ്രദീപ്കുമാർ, സെക്രട്ടറി |
| ആകെ | 71,08,593/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സാം ജോഷ്വാ, നഗരസഭാ എഞ്ചിനീയർ | അസി.എഞ്ചിനിയർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | വിരിപ്പുകാല തറയിൽ, കരുവാറ്റ, അടൂർ.പി.ഒ, പത്തനംതിട്ട |
| ശ്രീ.പ്രദീപ്കുമാർ റ്റി.വി. സെക്രട്ടറി | സെക്രട്ടറി, കൊട്ടാരക്കര നഗരസഭ | സരസ്വതി മന്ദിരം, പുലരിനഗർ, പുന്തലത്താഴം, കിളികൊല്ലൂർ പി.ഒ, കൊല്ലം |
| ശ്രീമതി. തസ്ലീംബീഗം, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഓഫീസ്, കൊല്ലം | കയവിൽ, കുട്ടിക്കട പി.ഒ, കൊല്ലം |
| ഡോ. കെ. ആർ. സുനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊട്ടാരക്കര | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊട്ടാരക്കര | മംഗലത്ത് തെക്കേതിൽ, കാരാളി പി.ഒ,ശാസ്താംകോട്ട, കൊല്ലം |
| ശ്രീ. വിനോദ്. എം. പി, പ്രോജക്ട് ഓഫീസർ | ഹെൽത്ത് ഇൻസ്പെക്ടർ | മഠത്തിലേത്ത് വീട് ഐരവൻ പി.ഒ, കോന്നി പത്തനംതിട്ട |
| ശ്രീ. ഷാജു, മുൻസിപ്പൽ ചെയർമാൻ | കൗൺസിലർ | ഉമൈബാൻ മൻസിൽ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി.3/1194(4)/14 തീയതി - 12.06.14 | 18 |
| 1995-96 | എൽ.എഫ്.ക്യൂ.പി.3/1194(5)/14 തീയതി - 12.06.14 | 18 |
| 1997-98 | എൽ.എഫ്.ക്യൂ.പി.3/1194(6)/14 തീയതി -12.06.14 | 39 |
| 1998-99 | എൽ.എഫ്.ക്യൂ.പി.3/1194(7)/14 തീയതി - 12.06.14 | 12 |
| 1999-00 | എൽ.എഫ്.ക്യൂ.പി.3/1194(8)/14 തീയതി - 12.06.14 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി.3/1194(9)/14 തീയതി - 12.06.14 | 4 |
| 2001-02 | എൽ.എഫ്.ക്യൂ.പി.3/1194(10)/14 തീയതി - 12.06.14 | 10 |
| 2002-03 | എൽ.എഫ്.ക്യൂ.പി.3/1194(11)/14 തീയതി - 12.06.14 | 8 |
| 2003-04 | എൽ.എഫ്.ക്യൂ.പി.3/1194(12)/14 തീയതി - 12.06.14 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി.3/1194(13)/14 തീയതി - 12.06.14 | 6 |
| 2005-06 | എൽ.എഫ്.ക്യൂ.പി.3/1455/07 തീയതി - 4.01.18 | 2 |
| 2006-07 | എൽ.എഫ്.ക്യൂ.പി.3/1194(14)/14 തീയതി - 12.06.14 | 2 |
| 2007-08 | എൽ.എഫ്.ക്യൂ.പി.3/1194(15)/14 തീയതി - 12.06.14 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി.3/1194(16)/14 തീയതി - 12.06.14 | 24 |
| 2009-10 | എൽ.എഫ്.ക്യൂ.പി.3/1194(17)/14 തീയതി - 12.06.14 | 17 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.പി.3/1194(18)/14 തീയതി - 12.06.14 | 18 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 | 38 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.3/1803/15/13/11/2015 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17 തീയതി – 08.02.17 | 43 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1811/18, തീയതി - 31.10.17 | 28 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-208/19, തീയതി - 10.7.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1567/19 / 17.02.2020/27.05.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-751/22/ 12.07.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. കെ.എൽ.എം.എം.എൽ-1208/22 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്